PALAKKAD
**Rupatha Bulletin**



Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**

Annual Subscription: Rs. 200

## ഉള്ളടക്കം

ഇടയലേഖനം ....................................................03
വിജ്ഞാപനം....................................................10
Bishop's Engagement....................................12
From the Bishop's Office..............................13
Presbyteral Council Members (2014-17)......14
Pastoral Council Members (2014-17)...........16
നിത്യാരാധനാ കപ്പേള....................................22
വിശ്വാസപരിശീലനവേദി.................................23
സ്റ്റാർസ്.........................................................27
ബൈബിൾ അപ്പോസ്റ്റലേറ്റ്...............................28
തിരുബാലസഖ്യം.............................................29
അൾത്താരസംഘം...........................................31
സി.എം.എൽ..................................................32
കെ.സി.വൈ.എം.............................................34
സി.എൽ.സി...................................................37
മാതൃസംഘം...................................................38
ഫാമിലി അപ്പോസ്റ്റലേറ്റ്...................................38
കുടുംബകൂട്ടായ്മ...............................................39
എ.കെ.സി.സി.................................................40
എ.സി.സി.എച്ച്...............................................40
കരിസ്മാറ്റിക് വാർത്തകൾ...............................46
ജീസസ് ഫ്രറ്റേണറ്റി.........................................42
സെഹിയോൻ ധ്യാനകേന്ദ്രം...............................43
പി. എസ്. എസ്. പി.........................................44
കെ.എൽ.എം..................................................46
From the Bishop's Diary...............................47

371/2014
25-08-2014

# ഇടയലേഖനം-133

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
പാലക്കാട് രൂപതയുടെ മെത്രാൻ
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

പാലക്കാട് രൂപത നിലവിൽ വന്നിട്ട് 40 വർഷം പൂർത്തിയാകുകയാണ്. 40-ാം വർഷത്തെ റൂബിജൂബിലി വർഷമെന്നാണ് വിശേഷിപ്പിക്കുന്നത്. ദിവംഗതനായ മാർ ജോസഫ് ഇരിമ്പൻ പിതാവ് അവിഭക്ത പാലക്കാട് രൂപതയുടെ ഭരണസാരഥ്യം 1974 സെപ്തംബർ 8-ാം തിയ്യതി ഏറ്റെടുത്തപ്പോൾ പാലക്കാടും കോയമ്പത്തൂരുമായി 16 ഇടവകകളും 10 സ്റ്റേഷൻ പള്ളികളുമാണ് ഉണ്ടായിരുന്നത്. അന്ന് 3978 കത്തോലിക്കാകുടുംബങ്ങളും 20810 ഇടവകാംഗങ്ങളും വളരെ അകലങ്ങളിലുള്ള ഈ ഇടവകകളിൽ ആത്മീയ ശുശ്രൂഷ ചെയ്യുവാൻ 20 വൈദീകരും മാത്രമേ ഉണ്ടായിരുന്നുള്ളു. 40 വർഷംകൊണ്ട് അഭൂതപൂർവ്വകമായ വളർച്ചയാണ് വിവിധമേഖലകളിൽ രൂപതയ്ക്കുണ്ടായത്.

2010ൽ പാലക്കാട് രൂപതയിൽനിന്ന് രാമനാഥപുരം എന്നപേരിൽ പുതിയ രൂപത നിലവിൽവന്നു. അതുപ്രകാരം ആ പ്രദേശത്തുള്ള 16 ഇടവകകളിലും 10 സ്റ്റേഷൻ പള്ളികളിലുമായി 2651 ഭവനങ്ങളിലെ 12,358 വിശ്വാസികൾ പാലക്കാട് രൂപതയിൽനിന്ന് രാമനാഥപുരം രൂപതയുടെ അംഗങ്ങളായി. പാലക്കാട് വൈദിക സമൂഹത്തിൽനിന്ന് 14 വൈദികർ പുതിയ രൂപതയിലെ വൈദിക സമൂഹത്തിൽ സ്ഥിരാംഗത്വം സ്വീകരിച്ചു. അവിഭക്ത പാലക്കാട് രൂപതാംഗങ്ങളായിരുന്നപ്പോൾ അവർ ചെയ്ത ശുശ്രൂഷകളെ പാലക്കാട് രൂപത കൃതജ്ഞതയോടെ സ്മരിക്കുന്നു. വിഭജനത്തിനുശേഷം ഇന്ന് പാലക്കാട് രൂപതയിൽ 125 പള്ളികളിലായി 13,219 കുടുംബങ്ങളും 58,339 ജനങ്ങളും അവർക്ക് ശുശ്രൂഷ ചെയ്യുവാൻ 130 വൈദികരും സന്യാസസമൂഹങ്ങളിലായി 71 വൈദികരും 1112 സിസ്റ്റേഴ്സുമുണ്ട്. നമ്മൾ കടന്നുപോന്ന നാളുകളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ സ്നേഹനിധിയായ നല്ല തമ്പുരാൻ നമ്മെ കൈപിടിച്ചുനടത്തിയ അനുഭവങ്ങൾ നമ്മെ വിസ്മയഭരിതരാക്കാൻ പോരുന്നവയാണ്.





ഓരോ കാലങ്ങളിൽ സഭാദൗത്യം ഏറ്റുവാങ്ങി ദൈവജനത്തെ വിശ്വാസത്തിലും സ്നേഹകൂട്ടായ്മയിലും വളർത്തിയ ധന്യാത്മാക്കളുടെ നീണ്ടനിരതന്നെ നമ്മുടെ കൺമുമ്പിലുണ്ട്. അവരിൽ ഏറ്റവും പ്രധാനപ്പെട്ട വ്യക്തി പാറമേൽ ഭവനം പണിത വിവേകിയായ മനുഷ്യനെപ്പോലെ ദീർഘവീക്ഷണത്തോടുകൂടി രൂപതയ്ക്ക് സുദൃഢമായ അടിസ്ഥാനമിട്ട് അതിനെ വളർത്തിയ പ്രഥമ മെത്രാൻ മാർ ജോസഫ് ഇരിമ്പൻ പിതാവാണ്. അദ്ദേഹത്തെയും മറ്റു മഹാത്മാക്കളെയും ഈ റൂബിജൂബിലിവേളയിൽ നമുക്ക് നന്ദിയോടെ അനുസ്മരിക്കാം. അവർ കൈമാറിയ വിശ്വാസ പൈതൃകത്തിന്റെ മഹത്വം മനസ്സിലാക്കി ജീവിക്കുന്നതിന് നമ്മൾ എത്രത്തോളം പരിശ്രമിച്ചിട്ടുണ്ടെന്നും നമ്മുടെ ചുറ്റുപാടുമുള്ളവർക്ക് സുവിശേഷത്തിന്റെ സന്തോഷം നമ്മുടെ ജീവിതത്തിലൂടെ ദൃശ്യമാക്കുവാൻ എത്രമാത്രം സാധിച്ചിട്ടുണ്ടെയെന്നും ഈ അവസരത്തിൽ വിലയിരുത്തേണ്ടതുണ്ട്. കാരണം സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ വിശ്വാസംവഴി ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ നമ്മൾ വിളിക്കപ്പെട്ടവരും കടപ്പെട്ടവരുമാണ്. ഈ മഹാദൗത്യത്തിന് വ്യക്തികളെയും കുടുംബങ്ങളെയും ഇടവകസമൂഹങ്ങളെയും സജ്ജമാക്കുകയാണ് ഈ വിലയിരുത്തലിന്റെ ലക്ഷ്യം. രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനത്തോടും കാലഘട്ടത്തിന്റെ അടയാളങ്ങളോടും തിരുസ്സഭയുടെ അടിയന്തരാവശ്യങ്ങളോടും ഭാവാത്മകമായി എങ്ങനെ പ്രതികരിക്കാമെന്നും ഈ വിലയിരുത്തലിൽ നമ്മൾ കണ്ടെത്തണം.

ഒക്ടോബർ രണ്ടാം തിയ്യതി വിശ്വാസവർഷാചരണത്തിന്റെ സമാപനം, മതാദ്ധ്യാപകദിനം, റൂബിജൂബിലിയുടെ സമാപനം എന്നിവ സംയുക്തമായി നാം നടത്തുകയാണ്. നമ്മുടെ കത്തീഡ്രൽ സ്കൂൾ ഗ്രൗണ്ടിൽ പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന വേദിയിൽ നടത്തപ്പെടുന്ന പരിപാടികളിൽ നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് ജോർജ്ജ് ആലഞ്ചേരിപിതാവായിരിക്കും മുഖ്യ അതിഥിയും ശുശ്രൂഷകളിലെ പ്രധാനകാർമ്മികനും. രാവിലെ 10 മണിക്ക് പരിശുദ്ധ കുർബാനയും തുടർന്ന് സ്നേഹവിരുന്നും 1.30ന് പൊതുസമ്മേളനവും ഉണ്ടായിരിക്കും.

ബെനഡിക്ട് പതിനാറാമൻ പാപ്പ പ്രഖ്യാപിച്ച വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി കേരള കത്തോലിക്കാ മെത്രാൻ സമിതി നിർദ്ദേ

ശിച്ച കർമ്മപരിപാടികൾ രൂപതയിൽ നമ്മൾ നടപ്പിലാക്കുകയുണ്ടായി. അതുവഴി നമ്മുടെ വിശ്വാസജീവിതത്തിന് പുത്തനുണർവ്വ് കൈവന്നിട്ടുണ്ട്. വിശ്വാസവർഷാചരണത്തിന്റെ സമാപനം രൂപതയുടെ റൂബീജൂബിലിയോടുചേർന്ന് ആചരിക്കാനായി തീരുമാനിച്ചിരുന്നതിനാൽ ഈ ആഘോഷം വിശ്വാസവർഷാചരണത്തിന്റെ സമാപനം കൂടിയാണ്.

വിശ്വാസപരിശീലനത്തിന്റെ പ്രഥമവേദി കുടുംബമാണ്. മാതാപിതാക്കളാണ് ആദ്യ മതാദ്ധ്യാപകർ; അവർ തന്നെയാണ് ഏറ്റവും നല്ല മതാദ്ധ്യാപകരാകേണ്ടതും. അവർ കഴിഞ്ഞാൽ കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ നിർണ്ണായക പങ്കുവഹിക്കുന്നവരാണ് ഇടവകയിലെ മതാദ്ധ്യാപകർ. വിശ്വാസപരിശീലനരംഗത്ത് ബഹു. വികാരിയച്ചന്മാരും സിസ്റ്റേഴ്സും അത്മായസഹോദരങ്ങളും ചെയ്യുന്ന മഹത്തായ സേവനത്തെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. മതാദ്ധ്യാപകരംഗത്ത് 15, 25, 40 വർഷങ്ങൾ സേവനം ചെയ്തവരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. മക്കളുടെ ഭൗതിക വളർച്ചയോടൊപ്പം ആത്മീയ വളർച്ചയിലും കൂടി ശ്രദ്ധപതിപ്പിക്കണമെന്ന് മാതാപിതാക്കളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അനുദിനമുള്ള കുടുംബപ്രാർത്ഥനവഴിയും ദൈവാലയത്തിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലിയിലും ഇതര തിരുക്കർമ്മങ്ങളിലും സജീവമായി പങ്കെടുക്കുന്നതുവഴിയുമാണ് വിശ്വാസപരിശീലനം ഏറ്റം ഫലപ്രദമായി നടക്കുന്നത്. അതുകൊണ്ട് അവയുടെ കാര്യത്തിൽ ഉപേക്ഷ വരുത്തരുത്. ചിലകുടുംബങ്ങളെങ്കിലും ഇക്കാര്യത്തിൽ, പ്രത്യേകിച്ച് കുടുംബപ്രാർത്ഥനയുടെ കാര്യത്തിൽ അലംഭാവം കാണിക്കുന്നുണ്ട്. ഒരു കാരണവശാലും കുടുംബപ്രാർത്ഥന മുടക്കുകയില്ല എന്നൊരു തീരുമാനം ഈ ജൂബിലിവർഷത്തിൽ നാമെടുക്കണം.

സഭയുടെ അടിസ്ഥാനഘടകമായ കുടുംബത്തെ കേന്ദ്രീകരിച്ചുള്ള നവീകരണ പരിപാടികൾക്ക് റൂബിജൂബിലി വർഷത്തിൽ നമ്മൾ പ്രത്യേക പ്രാധാന്യം നൽകി. കുടുംബാംഗങ്ങൾ പരസ്പരസ്നേഹത്തിലും കുടുംബങ്ങൾ തമ്മിൽ കൂട്ടായ്മയിലും വർത്തിക്കുമ്പോഴാണല്ലോ സുവിശേഷസന്തോഷം അനുഭവവേദ്യമാകുന്നത്. ആ ബോധ്യം ഉൾകൊണ്ട് കുടുംബങ്ങളെ നവീകരിക്കുന്നതിനുള്ള പ്രചോദനവും സഹായവും ജനങ്ങൾക്ക് നൽകുന്നതിനുവേണ്ടിയാണ് ഈ വർഷം എല്ലാ ഇടവകകളിലും ഹോം മിഷൻ നടത്തിയത്. പ്രാർത്ഥനാരൂപിയോടും മനസ്സിന്റെ തുറവിയോടുംകൂടി ഇതിൽ സംബന്ധിച്ചവർക്ക് ആത്മീയ ഉണർവും ദൈവാനുഭവവും ലഭിച്ചതായി അറിയാൻ സാധിച്ചു. ഹോംമിഷൻ നടത്താൻ ബഹു. സിസ്റ്റേഴ്സിനെ അയയ്ക്കുവാൻ സന്നദ്ധരായ സന്ന്യാസിനീ സമൂഹങ്ങളുടെ അധികാരികൾക്കും ഹോംമിഷൻ ക്രമമായി നടത്തുവാൻ പദ്ധതി തയ്യാറാക്കിയ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറച്ചനും ഈ ആത്മീയ പരിപാടി വിജയപ്രദമാക്കുവാൻ നേതൃത്വമെടുത്ത ബഹു. വികാരിയച്ചന്മാർക്കും കമ്മിറ്റി അംഗങ്ങൾക്കും ഞാൻ പ്രത്യേകം നന്ദി  അറിയിക്കുന്നു. ഇടവകകളിലെ ഹോംമിഷൻ പൂർത്തിയായതിനുശേഷം നടന്ന അവലോകനയോഗത്തിൽ ഹോംമിഷനിലൂടെ തങ്ങളുടെ തന്നെ വ്രതാനുഷ്ഠാന ജീവിതത്തെ തിളക്കമാർന്നതാക്കുവാൻ ആവശ്യമായ കൃപാവരം ലഭിച്ചുവെന്ന് സിസ്റ്റേഴ്സ് തന്നെ സാക്ഷ്യപ്പെടുത്തുകയുണ്ടായി. പ്രാർത്ഥിച്ചും പരിത്യാഗകൃത്യങ്ങൾ അനുഷ്ഠിച്ചും നന്നായി ഒരുങ്ങിയും അത് നിർവ്വഹിച്ച ബഹു. സിസ്റ്റേഴ്സിനെ ഞാൻ അഭിനന്ദിക്കുന്നു; ഈശോ അവരെ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കുടുംബങ്ങളുടെ നവീകരണത്തെ ലക്ഷ്യമാക്കി ബഹു. ഫ്രാൻസീസ്കൻ ക്ലാരിസ്റ്റ് സഹോദരിമാരുടെ നേതൃത്വത്തിൽ ഇടവകകളിലെ കുടുംബിനികൾക്കായി നടത്തുന്ന മഡോണ ധ്യാനവും പല ഇടവകകളിലും നടത്തപ്പെടുകയുണ്ടായി. പ്രാർത്ഥന, ക്ലാസ്സ്, ധ്യാനം, കൗൺസിലിംങ്ങ് എന്നീ പരിപാടികളിലൂടെ ജീവിതത്തിലെ പിരിമുറക്കങ്ങൾ ഒഴിവാക്കുവാനും കൂടുതൽ ദൗത്യബോധത്തോടും ഊർജ്ജസ്വലതയോടും കൂടി പ്രവർത്തിക്കുവാനും കുടുംബിനികൾക്ക് ഈ ധ്യാനം സഹായകമായി. ഈ ധ്യാനപരിപാടി നടത്തിയിട്ടില്ലാത്ത ഇടവകകളിൽ അത് നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കുടുംബങ്ങളുടെ നവീകരണം ലക്ഷ്യമാക്കി രണ്ട് സിനഡുകൾ റോമിൽ നടക്കുവാൻ പോകുന്ന സാഹചര്യത്തിൽ അതേ ലക്ഷ്യത്തോടെ നമ്മൾ നടത്തിയ പരിപാടികൾ  അവസരോചിതമായിരുന്നു.

റൂബിജൂബിലി വർഷത്തിലെ പ്രധാനപ്പെട്ട സംരംഭമാണ്, നവംബറിൽ നടക്കുന്ന പ്രഥമ രൂപതാ അസംബ്ലി. രൂപതയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇപ്രകാരമൊരു അസംബ്ലി നടക്കുന്നത്. സഭയുടെ കാനോനിക നിയമം അനുശാസിക്കുന്നപ്രകാരമാണ് അസംബ്ലി സംബന്ധമായ എല്ലാകാര്യങ്ങളും ക്രമീകരിച്ചിരിക്കുന്നത്. പ്രാദേശികസഭയെന്നു വിശേഷിപ്പിക്കുന്ന നമ്മുടെ രൂപതയുടെ ദൗത്യനിർവ്വഹണത്തിന്റെ വിവിധമേഖലകൾ കാലത്തിന്റെ വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുവാനും സുവിശേഷാത്മക നിലപാടുകൾ സ്വീകരിക്കുവാനും പ്രായോഗിക തീരുമാനങ്ങൾ എടുക്കുവാനും നമുക്ക് സാധിക്കണം. അസംബ്ലിക്കായി തയ്യാറാക്കിയ പഠനരേഖ കുടുംബയൂണിറ്റുകളിൽ ചർച്ചചെയ്ത് പ്രായോഗിക നിർദ്ദേശങ്ങളോടെ

സമർപ്പിച്ച റിപ്പോർട്ട് ഞാൻ വായിച്ചുനോക്കി. ഇതിൽ നിങ്ങൾ കാണിച്ച തികഞ്ഞ ആത്മാർത്ഥയ്ക്ക് ഞാൻ നന്ദിപറയുന്നു. ഈ റിപ്പോർട്ട് രൂപതാ അസംബ്ലിയിലെ ചർച്ചകൾക്ക് ആധാരമാക്കുന്നതാണ്.

ആത്മീയ നവീകരണം ലക്ഷ്യം വെച്ച് ധോണിയിൽ പുതുതായി ആരംഭിച്ച ധ്യാനകേന്ദ്രം വഴിയും നിലവിലുള്ള മറ്റ് രണ്ട് ധ്യാനകേന്ദ്രങ്ങൾ വഴിയും ഇടവകകളുടെയും സംഘടനകളുടെയും ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പരിപാടികൾ വഴിയും ഈ റൂബിജൂബിലി വർഷത്തിൽ നമുക്ക് ലഭിച്ച അനുഗ്രഹങ്ങളെ കൃതജ്ഞതയോടെ അനുസ്മരിക്കാം. സാമൂഹ്യപ്രതിബദ്ധതയോടെ റൂബിജൂബിലി സ്മാരകമായി കഴിഞ്ഞമാസം വെള്ളപ്പാറയിൽ നമ്മൾ ആരംഭിച്ച ഫാർമസി കോളേജ്, ജനുവരി മാസത്തിൽ വള്ളിയോട് ഉദ്ഘാടനം ചെയ്യപ്പെട്ട സെന്റ് മേരീസ് പോളിടെക്നിക് കോളേജ്, വിശ്വാസപരിശീലനവേദിയിലെ കുട്ടികളിൽ പഠനത്തിൽ മികവും ആർജ്ജവത്വവുമുള്ളവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുവേണ്ടി ആരംഭിച്ച സ്റ്റാർസ് (STARS), യുവക്ഷേത്ര കോളേജിലെ പുതിയ യൂണിവേഴ്സിറ്റി കോഴ്സുകൾ, പി.എസ്.എസ്.പിയുടെ ആഭിമുഖ്യത്തിൽ കാർഷികമേഖലയിലെ പുതിയ കാൽവെയ്പ്പുകൾ, ജെ.എസ്.എസ്.ന്റെ തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ, കുടുംബകൃഷി പദ്ധതികൾ എന്നിവയ്ക്കെല്ലാം ഇതിനകം പൊതുജനമദ്ധ്യേ നല്ല അഭിപ്രായവും അംഗീകാരവും ലഭിച്ചുകഴിഞ്ഞു. ഇവയിൽ ചിലതെല്ലാം പ്രാരംഭദശയിലായതിനാൽ ഓരോന്നിന്റെയും പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുവാൻ നമ്മൾ ആത്മാർത്ഥമായി സഹകരിക്കണം. രൂപതയിലെ യുവാക്കളെ പ്രധാനമായും ലക്ഷ്യംവെച്ച് ആരംഭിച്ച തൊഴിലധിഷ്ഠിത പരിശീലനപരിപാടികളുടെ ഫലം അവർക്ക് ലഭിക്കത്തക്കവിധത്തിൽ പ്രയോജനപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നമ്മുടെ കുടുംബങ്ങളെയും സമൂഹത്തെയും കൊല്ലാതെ കൊല്ലുന്ന മദ്യപാനത്തെ ഇല്ലാതാക്കാൻ ഇടവകൾതോറും മദ്യവിരുദ്ധ സമിതികൾ രൂപീകരിച്ച് ചെയ്തുവരുന്ന പ്രവർത്തനം നല്ലഫലം പുറപ്പെടുവിച്ച് തുടങ്ങിയിട്ടുണ്ട്. അട്ടപ്പാടി താവളത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഡീ-അഡിക്ഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനം 2015 ആരംഭത്തിൽ തുടങ്ങുന്നതാണ്. മദ്യവിമുക്ത കേരളം ലക്ഷ്യംവെച്ച് സർക്കാർ ഈയിടെ സ്വീകരിച്ച പ്രശംസാർഹമായ നടപടികൾ യഥാസമയം ഫലമണിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

സഭയുടെ വിശ്വാസാധിഷ്ഠിത പഠനങ്ങൾ, വിവിധമേഖലകളിൽ സഭനേരിടുന്ന വെല്ലുവിളികൾക്കുള്ള പരിഹാരമാർഗ്ഗങ്ങൾ, രൂപ





താതലവാർത്തകൾ എന്നിവ ഉൾപ്പെടുത്തി ഒരു രൂപതാ വാർത്താപത്രിക മാസംതോറും പ്രസിദ്ധീകരിച്ച് എല്ലാവീടുകളിലും എത്തിക്കണമെന്ന ആവശ്യം പലവേദികളിലും ഉയർന്നതിന്റെ പശ്ചാത്തലത്തിൽ റൂബിജൂബിലി സ്മാരകമായി അത് പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പാലക്കാട് ടൈംസ് എന്നാണ് അതിന് കൊടുത്തിരിക്കുന്ന പേര്. അതിന്റെ ഉദ്ഘാടനവും നമ്മുടെ രൂപതയുടെ 40 വർഷത്തെ ചരിത്രമുഹൂർത്തങ്ങൾ സംക്ഷിപ്തമായി ഉൾപ്പെടുത്തിക്കൊണ്ട് 'അതിജീവനത്തിന്റെ സുവിശേഷം' എന്നപേരിൽ തയ്യാറാക്കിയിരിക്കുന്ന ചരിത്രഗ്രന്ഥത്തിന്റെ പ്രകാശനവും ഒക്ടോബർ രണ്ടാം തിയ്യതി മേജർ ആർച്ചുബിഷപ്പ് ജോർജ്ജ് ആലഞ്ചേരി പിതാവ് നിർവ്വഹിക്കുന്നതാണ്.

അന്ന് നടത്തപ്പെടുന്ന പൊതുസമ്മേളനത്തിലേക്കും സ്നേഹവിരുന്നിലേക്കും പ്രാതിനിധ്യ സ്വഭാവത്തോടെ താഴെപറയുന്നവരെ ക്ഷണിക്കുന്നു.

1. ഇടവകകളിലും രൂപതാ സ്ഥാപനങ്ങളിലും ശുശ്രൂഷ ചെയ്യുന്ന വൈദികർ
2. സന്ന്യാസസന്ന്യാസിനി സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ്
3. മേജർ സുപ്പീരിയർമാരില്ലാത്ത സന്ന്യാസസന്ന്യാസിനി സമൂഹങ്ങളുടെ റീജിയണൽ സുപ്പീരിയേഴ്സ്
4. സന്ന്യാസസന്ന്യാസിനി സമൂഹങ്ങളുടെ സുപ്പീരിയേഴ്സ്
5. ഇടവകകളിലെ കൈക്കാരന്മാർ
6. രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ
7. ഇടവകകളിലെ മതബോധന അധ്യാപകർ
8. പൗരോഹിത്യ രജത-സുവർണ്ണ ജൂബിലിക്കാർ (2011ന് ശേഷമുള്ളവർ)
9. സന്ന്യാസിനികളിൽനിന്നുള്ള സുവർണ്ണജൂബിലിക്കാർ (2011ന് ശേഷമുള്ളവർ)
10. സംഘടനകളുടെയും കുടുംബകൂട്ടായ്മകളുടെയും രൂപതാ ഭാരവാഹികൾ
11. വിവാഹത്തിന്റെ 40 വർഷവും 50 വർഷവും തികഞ്ഞവർ
12. ഹോം മിഷനും മഡോണ ധ്യാനവും നടത്തിയ സിസ്റ്റേഴ്സ്
13. ദേശീയ, സംസ്ഥാനതല യൂണിവേഴ്സിറ്റി റാങ്കുജേതാക്കൾ
14. 2014ലെ എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി, പി.ജി. എന്നിവയിൽ സമ്പൂർണ്ണ A+ ലഭിച്ചവർ
15. വിശിഷ്ഠ സേവനത്തിന് സംസ്ഥാന, ദേശീയ അവാർഡ് ലഭിച്ചവർ.

പൊതുസമ്മേളനത്തിൽ ജൂബിലിക്കാരെയും റാങ്കുജേതാക്കളെയും പരീ

ക്ഷയിൽ പ്രശസ്ത വിജയം നേടിയവരെയും പ്രത്യേക അവാർഡിനർഹരായവരെയും മതബോധനത്തിന്റെ 15, 25, 40 വർഷം പൂർത്തിയായവരെയും ആദരിക്കുന്നതാണ്. സദസ്സിൽ ഇവർക്കായി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന സ്ഥലത്ത് അവർ ഉപവിഷ്ടരാകണമെന്ന് അറിയിക്കുന്നു.

അമ്പതാംവർഷത്തിലേക്ക് പ്രയാണം ചെയ്യുന്ന നമ്മുടെ രൂപത കൂടുതൽ സുവിശേഷാരൂപിയിൽ ഉണർന്നെഴുന്നേൽക്കുവാൻ ഈ റൂബിജൂബിലി സഹായകമാകണം. ആത്മീയ നവീകരണത്തിലൂടെ ഉറ കെടാത്ത ലവണംപോലെ വർത്തിക്കുവാനും പീഠത്തിൽ വെയ്ക്കപ്പെട്ട ദീപം പോലെ പ്രകാശിക്കുവാനും നമുക്ക് സാധിക്കണം. സ്നേഹത്തിലൂടെ നമ്മുടെ വിശ്വാസത്തെ നാം പ്രവർത്തനനിരതമാക്കണം. മനുഷ്യർ നമ്മുടെ സൽപ്രവൃത്തികൾകണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തുവാൻ ഇടയാകത്തക്കവിധത്തിൽ നമ്മുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കണം (മത്താ. 5:16). നമ്മളെല്ലാവരും വിശ്വാസത്തിലും പരസ്പരസ്നേഹത്തിലും കൂട്ടായ്മയിലും കുടുംബാരൂപിയിലും വളർന്നുവരണം. അതിനുള്ള കൃപ കർത്താവ് നമുക്ക് പ്രദാനം ചെയ്യട്ടെ. നമ്മുടെ അമ്മയായ പരി. കന്യകാമറിയവും രൂപതയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പുപിതാവും നമ്മെ സഹായിക്കട്ടെ. നിങ്ങൾക്കേവർക്കും റൂബിജൂബിലിയുടെ മംഗളങ്ങളും പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **2014 സെപ്തംബർ 7 -ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.





372/2014
25.08.2014

# വിജ്ഞാപനം - 124

## വൈദികരുടെ വാർഷികധ്യാനം

നമ്മുടെ രൂപതയിലെ വൈദികരുടെ വാർഷികധ്യാനം 2014 സെപ്റ്റംബർ 8-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 6.30 ന് ആരംഭിച്ച് 13-ാം തീയതി ശനിയാഴ്ച രാവിലെ ദിവ്യബലിയോടെ അവസാനിക്കുന്നതാണ്. യുവക്ഷേത്രയിൽ വച്ചാണ് ധ്യാനം നടക്കുന്നത്. എല്ലാ വൈദികരും ധ്യാനത്തിൽ ആദ്യവസാനം സംബന്ധിക്കേണ്ടതാണ്. ധ്യാനം നയിക്കുന്നത് തിരുവനന്തപുരം മലങ്കര അതിരൂപതാ സഹായമെത്രാൻ സാമുവൽ മാർ ഇരണേയോസ് തിരുമേനിയാണ്. അദ്ദേഹത്തിനുവേണ്ടിയും അനുഗ്രഹപ്രദമായ ധ്യാനം നടത്തുവാനുള്ള കൃപലഭിക്കാൻ നമുക്കുവേണ്ടിയും പ്രാർത്ഥിക്കാം. നമ്മുടെ ഇടവകസമൂഹത്തിന്റെ പ്രർത്ഥനാസഹായവും നമുക്കുതേടാം.

**ധ്യാനത്തിനുവരുമ്പോൾ കൊണ്ടുവരേണ്ടവ:**

- കുർബാന കണക്കുപുസ്തകം.
- കുമ്പസാര അനുവാദപത്തേന്തി.
- ബൈനേഷൻ ട്രൈനേഷൻ കണക്കുകൾ.
- രൂപതാ വൈദികർ വൈദികക്ഷേമനിധിയിലേക്ക് ചൊല്ലിയ കുർബാനകളുടെ കണക്ക്.

രൂപതയിൽ സേവനം ചെയ്യുന്ന മറ്റു വൈദികർ ഈ ധ്യാനത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിവരം മുൻകൂട്ടി രൂപതാകച്ചേരിയിൽ അറിയിക്കേണ്ടതാണ്.

നമ്മുടെ വാർഷിക പരിപാടിയിൽ ഏറ്റം പ്രധാനപ്പെട്ടത് വാർഷികധ്യാനം തന്നെയാണ്. ആമോസിന്റെ പുസ്തകത്തിൽ കർത്താവ് അദ്ദേഹത്തിന് കൊടുത്ത ഒരു ദർശനത്തെപ്പറ്റി വിവരിക്കുന്നുണ്ട് (ആമോസ് 7:7-9). ഒരു തൂക്കുകട്ടയുടെ സഹായത്തോടെ പണിതുയർത്തിയ മതിലിനോടുചേർന്നു കർത്താവ് കയ്യിൽ തൂക്കുകട്ടയുമായി നില്ക്കുന്നത് അദ്ദേഹം കണ്ടു. എന്റെ ജനത്തിന്റെ മധ്യേ ഞാൻ ഒരു തൂക്കുകട്ടപിടിക്കും എന്ന് കർത്താവ് അദ്ദേഹത്തോട് തുടർന്നു അരുളിച്ചെയ്തു. നമ്മുടെ ഓരോരുത്തരുടെയും മേൽ കർത്താവ് ഒരു തൂക്കുകട്ടപിടിക്കുന്നുണ്ട്. നാം ആയിരിക്കേണ്ട അവസ്ഥയും ആയിരിക്കുന്ന അവസ്ഥയും തമ്മിലുള്ള അന്തരം അവിടുന്നു കാണുന്നു. ധ്യാനദിവസങ്ങളിൽ അവിടുന്ന് അത് നമുക്ക് വ്യക്തമാക്കിതരുകയും ചെയ്യുന്നു.

വെളിപാടുപുസ്തകത്തിൽ ഏഴു സഭകൾക്കും നൽകുന്ന സന്ദേശത്തിൽ ആമുഖമായി ദൈവത്തിന്റെ ആത്മാവു പറയുന്നത് 'നിന്നെ എനിക്കറിയാം, നിന്റെ ഇപ്പോഴത്തെ സ്ഥിതിയും എനിക്കറിയാം എന്നാണ്'. തുടർന്ന് ഓരോ സഭയും അവരുടെ ജീവിതത്തിൽ വരുത്തേണ്ട മാറ്റത്തെപ്പറ്റി അവർക്ക് മുന്നറിയിപ്പ് കൊടുക്കുന്നുമുണ്ട്. ആദ്യത്തെ കത്ത് എഫേ

സോസിലെ സഭയ്ക്കുള്ളതാണ്. നിന്റെ സ്ഥിതി ഞാൻ മനസ്സിലാക്കുന്നു എന്ന് സൂചിപ്പിച്ചിട്ട് ആ സഭയോടു ദൈവത്തിന്റെ അരൂപി പറഞ്ഞു “നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. അതിനാൽ നീ ഏതവസ്ഥയിൽ നിന്നാണ് അധഃപതിച്ചതെന്ന് ചിന്തിക്കുക; അനുതപിച്ച് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക” (വെളി 2:4–5). അജപാലകരായ നമ്മെപ്പറ്റിയും നാം ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷയെപ്പറ്റിയും കർത്താവിന്റെ അരൂപിക്ക് പറയുവാനുള്ളത് നാം ശ്രവിക്കണം.

“എനിക്കിഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്കു തരും. അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും”(ജറ.3:15) തന്റെ ജനത്തിന് കർത്താവ് നൽകുന്ന ഇടയന്മാരെപ്പറ്റിയുള്ള വാഗ്ദാനമാണത്. നാം കർത്താവിനു ഇഷ്ടപ്പെട്ട ഇടയന്മാരാണോ? നമുക്ക് ഏല്പിക്കപ്പെട്ട ജനത്തെ അവിടുന്ന് ആഗ്രഹിക്കുന്നവിധം നാം പാലിക്കുന്നുണ്ടോ? നിങ്ങളെയും അജഗണം മുഴുവനെയുംപ്പറ്റി നിങ്ങൾ ജാഗരൂകരായിരിക്കുവിൻ എന്ന് വി. പൗലോസ് ശ്ലീഹാ എഫേസോസിലെ ശ്രേഷ്ഠന്മാരെ ഉദ്ബോധിപ്പിച്ചു (നടപടി 20:28). നമ്മെയും അജഗണം മുഴുവനെയുംപറ്റി – അജഗണത്തിലെ ഭൂരിഭാഗം പേരെ പറ്റി മാത്രമല്ല – അജഗണം മുഴുവനെപ്പറ്റി ജാഗരൂഗരായിരിക്കേണ്ടവരാണ് നമ്മൾ. കാരണം കർത്താവ് സ്വന്തം രക്തത്താൽ നേടിയെടുത്ത ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവ് നിയോഗിച്ചിരിക്കുന്ന അജപാലകരാണ് നമ്മൾ (നടപടി 20:28). അജഗണത്തെ എങ്ങനെ പരിപാലിക്കണമെന്നതിനെപറ്റി വി. പത്രോസ് ശ്ലീഹാ നൽകുന്ന ഉദ്ബോധനം ഇതാണ്. “അതു നിർബന്ധം മൂലം ആയിരിക്കരുത്. ദൈവത്തെപ്രതി സന്മനസ്സോടെ ആയിരിക്കണം; ലാഭേച്ഛയോടെ ആയിരിക്കരുത്, തീക്ഷ്ണതയോടെ ആയിരിക്കണം; അജഗണത്തിന്റേമേൽ ആധിപത്യം ചുമത്തിക്കൊണ്ടായിരിക്കരുത്, സന്മാതൃക നല്കിക്കൊണ്ടായിരിക്കണം” (1 പത്രോ 5:2–3). നാം എപ്രകാരമാണ് നമുക്ക് ഏല്പ്പിക്കപ്പെട്ടിരിക്കുന്നവർക്ക് ശുശ്രൂഷചെയ്യുന്നത്? നമ്മുടെ രൂപതയുടെ റൂബിജൂബിലിവർഷത്തിലെ ധ്യാനാവസരത്തിൽ ഇക്കാര്യങ്ങൾ നമ്മുടെ പരിചിന്തനവിഷയമാക്കാം. നമ്മുടെ മേൽതൂക്കുകട്ട പിടിച്ചു നില്ക്കുന്ന കർത്താവിന്റെ പരിശുദ്ധാത്മാവ് നമ്മോടു പറയുന്നതു നമുക്കു ശ്രവിക്കാം. തീക്ഷണതയിൽ വന്ന മാന്ദ്യം പരിഹരിച്ച്, ലഭിച്ച ആത്മാഭിഷേകത്തെ വീണ്ടും ഉജ്ജ്വലിപ്പിച്ച് ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനേയും അവിടുത്തെ ജനത്തെയും ശുശ്രൂഷിക്കുവാനുള്ള കൃപ (റോമ.12:11; 2 തിമോ. 1:6) നമുക്കെല്ലാവർക്കും ലഭിക്കുന്നതിനുവേണ്ടി ഈ ധ്യാനാവസരത്തിൽ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ





2014



## BISHOP'S Engagements

### 2014 September

| | | |
|---|---|---|
| 1 | PM | St. Mary's Polytechnic College, Valliyode |
| 3 | | Meeting, Bishop's House |
| 4 | AM | Kripasadan |
| 5 | PM | Prasada Matha Town Church, Mannarkkad |
| 6 | 9.30AM | Ordination, St. Xavier Church, Mangalam Dam |
| 8-13 | | Priests' Retreat, Yuvakshetra, Mundur. |
| 13 | AM | Shanthi Natha Church, Pazhambalakode |
| 14 | | St. Thomas Church, Koduvayur |
| 15 | | Pastoral Council, Pastoral Centre |
| 17 | PM | Ayur Palana Hospital, Kannadi |
| 19 | | CHAI Meeting, Ernakulam |
| 20 | | Holy Trinity Church, Thavalam |
| 21 | | St. Antony's Church, Sholayur |
| 27 | | Catechism Meeting, Mount St. Thomas, Kakkanad |
| 28 | | Parish Visit |

### 2014 October

| | | |
|---|---|---|
| 2 | | Ruby Jubilee |
| 5 | | St. Mary's Church, Kallepully |
| 9 | | Sehion Retreat Centre, Thavalam |




**വാർഷികധ്യാനം**

ബഹു. വൈദികരുടെ വാർഷികധ്യാനം യുവക്ഷേത്രയിൽവെച്ച് സെപ്റ്റംബർ 8-13 തിയ്യതികളിൽ നടത്തപ്പെടുന്നു. ധ്യാനം നയിക്കുന്നത് തിരുവനന്തപുരം മലങ്കര അതിരൂപതാ സഹായമെത്രാൻ സാമുവൽ മാർ ഇരണേയോസ് പിതാവായിരിക്കും.

**രൂപതാദിനം**

രൂപതാദിന കവറുകൾ ഇനിയും ലഭിച്ചിട്ടില്ലാത്തവർ രൂപതാകാര്യാലയത്തിൽനിന്ന് അത് വാങ്ങിക്കേണ്ടതാണ്. ബഹു വൈദികർ ജനങ്ങളിൽനിന്നുള്ള രൂപതാദിന പിരിവ് കവറിൽ സ്വീകരിച്ച് അവ എത്രയും വേഗം തിരിച്ചു നൽകുമല്ലോ.

**കണക്കുകൾ**

പള്ളിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ (നേഴ്സറി സ്കൂൾ ഉൾപ്പെടെ) കണക്കുകളും സംഘടനകളുടെ രൂപതാതല കണക്കുകളും സെപ്റ്റംബർ 30-ന് മുമ്പ് രൂപതാ കാര്യാലയത്തിൽ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

**പാസ്റ്ററൽ കൗൺസിൽ**

പുതുതായി രൂപീകരിച്ച പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ സമ്മേളനം സെപ്തംബർ 15-ാം തിയ്യതി തിങ്കളാഴ്ച കാലത്ത് 10.30ന് പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തുന്നതാണ്. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പ്രസ്തുത യോഗത്തിൽ സംബന്ധിക്കേണ്ടതാണ്.

**ഹോംമിഷൻ (Home Mission)**

2013 ഒക്ടോബർ ഒന്നിനു ആരംഭിച്ച ഹോം മിഷൻ വിജയകരമായി പൂർത്തികരിച്ചു. രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് നടത്തിയ ഈ പ്രേഷിത പ്രവർത്തനം ഫലദായകമാക്കുവാൻ സഹായിച്ച ബഹു. വികാരിയച്ചന്മാരെയും കൈക്കാരന്മാരെയും ഇടവകകളിലെ സന്യാസഭവനങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു. ഇടവകകളിൽ സിസ്റ്റേഴ്സിനു താമസിക്കുവാൻ വീടുകൾ സൗകര്യപ്പെടുത്തികൊടുത്ത കുടുംബങ്ങൾക്കും നന്ദി. ഹോം മിഷനുവേണ്ടി 3 ടീമുകളിലായി 34 സിസ്റ്റേഴ്സ് ഒരുവർഷക്കാലം ശുശ്രൂഷ ചെയ്തു. CMC, CHF, FCC, Domenican Sisters (OP), Sisters of Adoration (SABS), Samaritan Sisters (CSS), Sisters of Charity (CSC), Daughters of Divine Providence ( DDP), Franciscan Sisters of Sacred Heart (FSSH), Medical





Sisters of St.Joseph (MSJ), St. Ann's Sisters (SAS), Sisters of Francis Assisi Kanjikode (OSF), എന്നീ കോൺഗ്രിഗേഷനുകളിൽ നിന്ന് ബഹു. സിസ്റ്റേഴ്സിനെ ഹോംമിഷനു നിയോഗിച്ച കോൺഗ്രിഗേഷൻ അധികാരികൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

ഫാ. ജോർജ്ജ് തുരുത്തിപള്ളി
ഡയറക്ടർ, ഹോംമിഷൻ

## PRESBYTERAL COUNCIL 2014- 2017

(According to the statutes of Eparchial Presbyteral Council )

1 **Elected members**

1.1 **From the Groups of seven priests based on ordination (നിയമാവലി 1,b,,1)**

1 Rev. Fr. Chittilapally Jose P.
2 Rev. Fr. Kulampil Jose
3 Rev. Fr. Palathinkal Abraham
4 Rev. Fr. Aloor John Joseph
5 Rev. Fr. Perumbillil Regy Mathew
6 Rev. Fr. Vadakkekara Goji
7 Rev. Fr. Cheniyara Jose
8 Rev. Fr. Thaikkattil Anto
9 Rev. Fr. Kizhakkedath Roy
10 Rev. Fr. Thanikkal Tenson
11 Rev. Fr. Chothirakkottu Bijoy
12 Rev. Fr. Velliamkandathil Jaijin
13 Rev. Fr. Plathottathil Jinse
14 Rev. Fr. Thekkumkattil Jomy
15 Rev. Fr. Kulampil Abin

1.2 **Elected from Foranes (നിയമാവലി1,b,,3)**

| | | |
|---|---|---|
| 16 | Palakkad | Rev. Fr. Sebastian Mangalan |
| 17 | Vadakkenchery | Rev. Fr. George Theruvankunnel |
| 18 | Mangalam Dam | Rev. Fr. Raju Pulikkathazhe |
| 19 | Melarkode | Rev. Fr. Sebastian Thamarassery |
| 20 | Thathamangalam | Rev. Fr. Martin Kalambadan |

| | | |
|---|---|---|
| 21 | Olavakode | Rev. Fr. Sunny Vazheparambil |
| 22 | Ottapalam | Rev. Fr. Davis Chakkumpeedika |
| 23 | Ponnamkode | Rev. Fr. James Chakkiath |
| 24 | Kanjirapuzha | Rev. Fr. Jeejo Chalakkal |
| 25 | Mannarkkad | Rev. Fr. Sheejo Mavarayil |
| 26 | Thavalam | Rev. Fr. Shinoj Kalarikkal |

**1.3 Religious Representative (നിയമാവലി 1,b,1,2)**

27 Rev. Fr. Francis Thaivalappil CMI

**1.4 Representatives from the diocesan directors (നിയമാവലി 1,b,4)**

28 Rev. Fr. George Thuruthipally

29 Rev. Fr. Jaimon Pallineerakkal

**2 Ex-Officio (നിയമാവലി 1, a)**

| | | |
|---|---|---|
| 30 | Msgr. Joseph Chittilapilly | Vicar General |
| 31 | Rev. Fr. Peter Kochupurackal | Judicial Vicar & Chancellor |
| 32 | Rev. Fr. Joshy Pulikottil | Procurator |
| 33 | Rev. Fr. Mathew Vazhayil | Cathedral Vicar |
| 34 | Rev. Fr. Xavier Maramattam | Minor Seminary Rector |

**3 Nominated (നിയമാവലി 1,c,)**

35 Rev. Fr. Peter Kuruthukulangara

36 Rev. Fr. Domenic Aippenparambil

37 Rev. Fr. Jose Alakkakunnel

38 Rev. Fr. George Edathala

39 Rev. Fr. Jomis Kodakassery

40 Rev. Fr. Jose Ponmani

41 Rev. Fr. Ceejo Karikattil

42 Rev. Fr. Thom Kizhakkedath

43 Rev. Fr. Cherian Anjilimoottil

44 Rev. Fr. Jose Kochuparambil

45 Rev. Fr. Gilbert Ettonnil

46 Rev. Fr. Jacob Mavunkkal

47 Rev. Fr. Betson Thukkuparampil





# PASTORAL COUNCIL 2014-2017

**A. EX OFFICIO MEMBERS**

**I. Curia Members**

1. Msgr. Joseph Chittilapilly
2. Rev. Fr. Peter Kochupurackal
3. Rev. Fr. Joshy Pulikkottil

**II. Forane Vicars**

4. Rev. Fr. Mathew Vazhayil - Palakkad
5. Rev. Fr. Jeejo Chalackal - Kanjirapuzha
6. Rev. Fr Jose Alackakunnel - Mangalam Dam
7. Rev. Fr. George Edathala - Mannarkkad
8. Rev. Fr. Sebastian Thamarasserry - Melarkode
9. Rev. Fr. Jose Kochuparambil - Olavakode
10. Rev. Fr. Davis Chakkumpeedika - Ottapalam
11. Rev. Fr. Peter Kuruthukulangara - Ponnamkode
12. Rev. Fr. Martin Kalambadan - Tattamangalam
13. Rev. Fr. Gilbert Ettonnil - Thavalam
14. Rev. Fr. George Theruvankunnel - Vadakkenchery

**III. Presbyteral Council Secretary**

Rev. Fr. Jeejo Chalackal

**IV. Congregations Superiors**

15. Rev. Sr. Leema OP - Superior General
16. Rev. Sr. Patrick CMC - Provincial
17. Rev. Sr. Hipolita FCC - Provincial
18. Rev. Sr. Pushpa CHF - Provincial
19. Rev. Sr. Vincentia SABS - Provincial

**V. Diocesan Minor Seminary Rector**

20. Rev. Fr. Xavier Maramattam

**VI. Directors Of Associations**

21. Rev. Fr. Goji Vadakkekara - CML

22. Rev. Fr. Ceejo Karikkattil - KCYM
23. Rev. Fr. Jinse Plathottam - KCSL
24. Rev. Fr. Binu Ponkattil - Mathrusangam
25. Rev. Fr. Jijo Parayil - Temporance
26. Rev. Fr. Martin Thattil - Jesus Fraternity
27. Rev. Fr. Jomy Thekkumkkattil - Holy Childhood
28. Rev. Fr. Jaimon Pallineerakkal - Jesus Youth
29. Rev. Fr. George Thuruthipally - Family Apostolate
30. Rev. Fr. Thom Kizhakkedath - CLC
31. Rev. Fr. Sebastian Mangalan - Vincent de Paul
32. Rev. Fr. Abraham Palathinkal - Karahaka Sangam

**VI. President, Vicent De Paul**

33. Mr. Jose Aynickal

**B. ELECTED MEMBERS**

**1. PALAKKAD FORANE**

**Parish Representatives**

34. Jose Mukkada - Palakkad Town
35. Suresh Vadakken - Cathedral
36. Alice Paulose - Kottayi
37. Sindhu Samuel - Kodunthirapully
38. Joseph Palathara - Kanjikode

**Catechism Representatives**

39. Varghese P T
40. Ligiya Shinto - Valuparambu

**Priests Representatives**

41. Rev. Fr. Dominic Aippenparambil - Chandranagar
42. Rev. Fr. Joby Kachappilly

**2. KANJIRAPUZHA FORANE**

**Parish Representatives**

43. Lilly Jose Kuttikatt - Palakkayam
44. Kochurani Sabu Nediyappillil - Poonchola
45. Michael C.D - Irumbakachola
46. Mohan Issac - Kanjirapuzha
47. Thomas M.J - Kanjirapuzha Dam

**Catechism Representatives**

48. Baby Koyikkal - Palakkayam





49. Thomas Pallath - Vazhikadavu

**Priests Representatives**

50. Rev. Fr. Sherjo Malekudiyil - Vimalagiri
51. Rev. Fr. Joshy Puthenpurayil - Cheenickapara

**3. MANGALAM DAM FORANE**

**Parish Representatives**

52. Joseph Varikkamakkal - Kairady
53. Jose Alappattukunnel - Maryland
54. Joy Moozhiyil - Mangalamdam
55. Lucy Zachria Puzhakkara - Kadappara
56. Jessy Puthiyaparambil - Elavampadam

**Catechism Representatives**

57. Benny Kurichithanam - Olippara
58. Lisamma Kurian Karakkatt - Mangalamdam

**Priests Representatives**

59. Rev. Fr. Thom Kizhakkedath - Mankurissy
60. Rev. Fr. Dhanesh Kalan - Neethipuram

**4. MANNARKKAD FORANE**

**Parish Representatives**

61. Johny Vattayil - Pullisserry
62. Anto Thekkinieth - Mannarkkad
63. Joji Markose Padipurackal - Puttanikkad
64. Lissy Jacob Karinthakarakunnel - Edathnattukara
65. Marykutty Jose Kochumuttam - Thiruvizhamkunnu

**Catechism Representatives**

66. Robin Andrews Angadieth - Pullisserry
67. Elcy Nediyampakkal - Karappadam

**Priests Representatives**

68. Rev. Fr. Justin Kolenkanny - Edathnattukara
69. Rev. Fr. Biju Muringakudiyil - Pullisserry/Kaithachira

**5. MELARCODE FORANE**

**Parish Representatives**

70. Jose Jacob Valliyil - Nemmara
71. Vincent V. Vazhappilly - Alathur
72. Shibu Xavier Chethipuzha - Pothundy
73. Rosy Varunny Pathiyan - Melarcode
74. Mary Scaria - Chittilanchery

**Catechism Representatives**

75. Franko Joseph Kollannur - Alathur
76. Daisy Jose Manjaly - Nemmara

**Priests Representatives**

77. Rev. Fr. Jose Ponmany - Nemmara
78. Rev. Fr. Jaijin Velliyamkandathil - Pothundy

**6. OLAVAKODE FORANE**

**Parish Representatives**

79. Biju Varghese Madavasseril - Olavakode
80. Dominic S. Thondiyamthadathil - Pulapetta
81. Biju K. Andrew Kiliraparambil - Mylampully
82. Mini Francis Valiyaparambil - Malampuzhar
83. Beena Josph Chakkungal - Olavakkode

**Catechism Representatives**

84. Cherian Vennattuparambil - Olavakode
85. Kochuthresia Cheruvathoor - Mundoor

**Priests Representatives**

86. Rev. Fr. Sunny Vazheparambil - Pulapatta
87. Rev. Fr. Anto Keetikal - Dhoni

**7. OTTAPPALAM FORANE**

**Parish Representatives**

88. Baby Thomas Pollakkattil - Keralasserry
89. Santochan Vattakunnel - Shornur
90. Bennichan Parathode - Ottapalam
91. Annamma John Velikakathu - Kadampur
92. Rosamma Thomas Kallarackal - Katambazhipuram

**Catechism Representatives**

93. Jibin Kattuparambil - Shornur
94. Roshima Saji Vadakkeveettil - Kulakkattukurissi

**Priests Representatives**

95. Rev. Fr. Antu C. Aricattu - Keralasserry
96. Rev. Fr. Martin Ettumanukkaran - Kadambur

**8. PONNAMKODE FORANE**

**Parish Representatives**

97. Anoop Varkey Manickathukunnel- Ponnamkode
98. Devassya Payyampallil - Arappara





99. Jijo Abraham Vanchikkachalil - Chulliyamkulam
100. Cicily George Kallanickal - Karimba
101. Sucy Thomas Thanniyathukalathil - Karakurissi

**Catechism Representatives**

102. George Alummoottil - Karakurissi
103. Ancy Joy Mattumal - Kalladikode

**Priests Representatives**

104. Rev. Fr. James Chakkiath - Kalladikode
105. Rev. Fr. Xavier Valayathil - Karakurissi

**9. TATTAMANGALAM FORANE**

**Parish Representatives**

106. Joseph Ezhaparambil - Kozhijampara
107. Devassy Theethai - Kollenkode
108. Vincent Therattil - Thathamangalam
109. Silvy S Nivas Nandankizhaya -
110. Rosy Joseph Olakkengal -

**Catechism Representatives**

111. David Olakkengal - Kozhinjampara
112. Grace Tom Aippenparampil - Kollengode

**Priests Representatives**

113. Rev. Fr. Jaison Vadakken - Kollengode
114. Rev. Fr. Sanal Kuttipuzhakkaran - Koduvayur

**10. THAVALAM FORANE**

**Parish Representatives**

115. George Vellappilly - Karaara
116. Jose Kavilpurayidathil - Agali
117. Boby Chirappurathu - Puliyara
118. Kunjumol Narivelil - Kottathara
119. Gracy Chakkattu - Jellipara

**Catechism Representatives**

120. Lekha Manoj Vilavoor - Thavalm
121. Biju Sebastian Kuthiramattam - Thrithwamala

**Priests Representatives**

122. Rev. Fr. Biju Plathottam - Jellippara
123. Rev. Fr. Biju Kallingal - Thrithwamala

**11. VADAKKENCHERY FORANE**

**Parish Representatives**

124. Tenny Augustine Thuruvelil - Vadakkenchery
125. Thomas Valiyaparambil - Arogyapuram
126. Benny Vallyil - Josegiri
127. Bincy Alfred Puthenpura - Rajagiri
128. Elsamma Jose Perumalil - Panthalampadam

**Catechism Representatives**

129. Joseph Panacheppillil - Rajagiri
130. Celine Tom Kadukudiyil - Thachanadi

**Priests Representatives**

131. Rev. Fr. Robi Koonhaniyil - Vachanagiri
132. Rev. Fr. Vipin Elikkott CST - Palakuzhy

**C. Elected Youth Representatives**

**KCYM**

133. Shiju Kurian - Pombra

**D. Elected Representatives from Congregations having no Generalate or Provincial House in the Eparchy**

134. Sr. Agnes OSF - Kanjikode
135. Sr. Mary Raphael DDP - Chandranagar

**F. Elected Representatives from Congregations having no Generalate or Provincial House in the Eparchy**

136. Rev. Fr. Jose Paul CMI
137. Rev. Fr. Joseph Pulinthanam CST

**G. Nominated Members**

138. Rev. Fr. Johnson Kannampadathil
139. Rev. Fr. Mavunkal Jacob
140. Rev. Fr. Cherian Anjilimoottil
141. Rev. Fr. Betson Thukkuparampil
142. Rev. Fr. Anto Thaikkattil
143. Rev. Fr. Jose P. Chittilapilly
144. Rev. Fr. Sunny Pallipatt OFM. Cap
145. Rev. Br. Peterdas MMB
146. Rev. Sr Alice CMC
147. Mr. Jose Menachery
148. Mr. Prince Pattani
149. Mr. Joy Naramvelil
150. Mr. John Jacob Eratteparampil





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-Oct-14 | WED | Rev. Fr. Pulikottil Joshy |
| 03-Oct-14 | FRI | Rev. Fr. Pullukalayil Reny |
| 04-Oct-14 | SAT | Rev.Fr. Puramadathil Jino |
| 06-Oct-14 | MON | Rev.Fr. Puthenpurayil Joshy |
| 07-Oct-14 | TUE | Rev. Fr. Puthukara John |
| 08-Oct-14 | WED | Rev. Fr. Thaikattil Anto |
| 09-Oct-14 | THU | Rev. Fr. Thamarassery Sebastian |
| 10-Oct-14 | FRI | Rev. Fr. Thanickal Thomas |
| 11-Oct-14 | SAT | Rev. Fr. Tharaniyil Paul |
| 13-Oct-14 | MON | Rev. Fr. Thattil Martin |
| 14-Oct-14 | TUE | Rev. Fr. Thekkumkattil Jomy |
| 15-Oct-14 | WED | Rev. Fr. Theruvankunnel George |
| 16-Oct-14 | THU | Rev. Fr. Thoonikavil Jose Prakash |
| 17-Oct-14 | FRI | Rev. Fr. Thottankara Francis |
| 18-Oct-14 | SAT | Rev. Fr. Thottian Paul |
| 20-Oct-14 | MON | Rev. Fr. Thukkuparambil Betson |
| 21-Oct-14 | TUE | Rev. Fr. Thuruthuvelil Nilesh |
| 22-Oct-14 | WED | Rev. Fr. Thuruthipally George |
| 23-Oct-14 | THU | Rev. Fr. Urukuzhiyil Sebin |
| 24-Oct-14 | FRI | Rev. Fr. Vadakkekara Goji |
| 25-Oct-14 | SAT | Rev. Fr. Vadakkekara Tom |
| 27-Oct-14 | MON | Rev. Fr. Vadakkumchery Thomas |
| 28-Oct-14 | TUE | Rev. Fr. Vadakken Jaison |
| 29-Oct-14 | WED | Rev. Fr. Valayathil Xavier |
| 30-Oct-14 | THU | Rev. Fr. Vattukalathil Saji |
| 31-Oct-14 | FRI | Rev. Fr. Vazhayil Mathew |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"ശിശുക്കൾ എന്റെ അടുത്തു വരാൻ അനുവദിക്കുവിൻ; അവരെ തടയരുത്"** (ലൂക്ക. 18:16) എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. ഈ അദ്ധ്യയനവർഷം നമുക്ക് കുട്ടികളെ യേശുവിന്റെ പക്കലേക്ക് നയിക്കുന്ന ഉത്തരവാദിത്വമുള്ള വഴികാട്ടികളായി മാറാം. **സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| **സെപ്റ്റം. 13** | **ശനി** | **9.30 am to 4.00 pm** | **മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ)** |
| | | | **ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **സെപ്റ്റം. 15** | **തിങ്കൾ** | **9.30 am to 4.00 pm** | **താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| ഒക്ടോ. 11 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവംബർ 8 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അദ്ധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിലെ പള്ളികളിൽ ഉണ്ടായിരിക്കുന്നതാണ്. **രജിസ്ട്രേഷൻ ഫീസ് 50 രൂപ.**

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **സെപ്റ്റം 14** | **ഞായർ** | **9.30am to 4.00pm** | **മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **സെപ്റ്റം 21** | **ഞായർ** | **9.30am to 4.00pm** | **ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |

**VII & VIII ലൈംഗിക ധാർമ്മികാവബോധ ഏകദിന സെമിനാർ -2014-15**

വർദ്ധിച്ചുവരുന്ന ലൈംഗിക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാ





ബോധം നൽകുന്നതിനായി ലൈംഗിക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗികത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ. **രജിസ്ട്രേഷൻ ഫീസ് 25 രൂപ**

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| ഒക്ടോ. 12 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 19 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 2 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| നവം.9 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം.23 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ഡിസം. 14 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 21 | ഞായർ | 9.30am to 4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 4 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2014 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. അവയിൽനിന്ന് മികവുപുലർത്തുന്ന രണ്ട് മാസികകൾ ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുത്ത് ഡിസംബർ 15ന് മുമ്പ് വിശ്വാസപരിശീലനവേദിയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും

സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ തയ്യാറാക്കാവുന്നതാണ്.

**കുട്ടികളുടെ ചെറുകഥാ ഉപന്യാസ മത്സരം**

അഞ്ച് മുതൽ II HDC വരെയുള്ള മതബോധന വിദ്യാർത്ഥികൾക്കായി ഒക്ടോബർ 19-ാം തിയ്യതി ഉപന്യാസ മത്സരവും നവംബർ 2-ാം തിയ്യതി ചെറുകഥാ മത്സരവും സംഘടിപ്പിച്ചിരിക്കുന്നു. UP, HS, HSS എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടത്തുന്നത്. അതാത് സെന്ററുകളിൽ നടത്തുന്ന രചനകൾ അവിടെ തന്നെ പരിശോധിച്ച് ഓരോ വിഭാഗത്തിൽനിന്നും ഏറ്റവും മികച്ച രണ്ട് രചനകൾ (70% എങ്കിലും മാർക്കുള്ളവ) മാത്രം മതബോധന കേന്ദ്രത്തിൽ നവംബർ 3ന് (ചെറുകഥ, ഉപന്യാസ മത്സരം) മുമ്പായി എത്തിക്കുക. മത്സര സമയം ഒരു മണിക്കൂർ ആയിരിക്കും. രചനകൾ മൂന്ന് പേജിൽ കവിയരുത്. രചനകളിൽ പേര്, സീൽ, മാർക്ക് എന്നിവ എഴുതരുത്. പേര്, ക്ലാസ്സ്, ഇടവക എന്നിവ ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക.

കേന്ദ്രത്തിലേക്ക് അയക്കുന്ന പേപ്പറിൽ മാർക്ക് ഇടരുത്. രൂപതാ തലത്തിലും ഫൊറോനാ തലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കും. ഫലം അറിഞ്ഞയുടൻ ഫൊറോനതല വിജയികൾ മതബോധന കേന്ദ്രത്തിൽ നിന്ന് സമ്മാനം സ്വീകരിക്കുക. രൂപതാതല വിജയികൾക്ക് 2015 മെയ് 30-ാം തിയ്യതി മതബോധന സംയുക്ത സമ്മേളനത്തിൽ വച്ച് സമ്മാനങ്ങൾ നൽകുന്നതാണ്.

**NB: ചെറുകഥാ, ഉപന്യാസ മത്സരവിഷയങ്ങൾ അതാത് ഫൊറോന ഡയറക്ടേഴ്സ് വഴി നൽകപ്പെടുന്നതായിരിക്കും.**

**ടീച്ചേഴ്സ് ക്വിസ്**

രണ്ട് തലങ്ങളിലാണ് മത്സരങ്ങൾ നടത്തപ്പെടുന്നത്. ഇടവകകളിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു ടീം ഫൊറോനാതലത്തിൽ മത്സരിക്കുന്നു. അവിടെനിന്നും വിജയികളായവർ ആണ് രൂപതാതലത്തിൽ മത്സരിക്കുന്നത്. ഒക്ടോബർ 4ന് ഫൊറോനാതലത്തിൽ എഴുത്തുപരീക്ഷയും നവംബർ 1ന് രൂപതാതലത്തിൽ ഓഡിയോ വിഷ്വൽ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

**പഠനഭാഗം :** വിശ്വാസപരിശീലനത്തിനൊരുവഴികാട്ടി ജനറൽ ക്വിസ് 50% (പേജ് : 100-143), ബൈബിൾ 50% (ലോഗോസ് ക്വിസ്)

**കുട്ടികളുടെ ക്വിസ്**

UP, HS, HSS എന്നിങ്ങനെ മൂന്നുവിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടത്തുന്നത്. ഇടവകയിൽനിന്നും രണ്ടുപേർ വീതമുള്ള രണ്ട് ടീം ഫൊറോനാതലത്തിൽ പങ്കെടുക്കുന്നു. അവിടേനിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവരാണ് രൂപതാതലത്തിൽ യോഗ്യതനേടുക. ഒക്ടോബർ 4ന് ഫൊറോനാതലമത്സരവും നവംബർ 1ന് രൂപതാതല മത്സരവും ഉണ്ടായിരിക്കുന്നതാണ്. ഫൊറോനാതലം എഴുത്തുപരീക്ഷയായിരിക്കും.





**പഠനഭാഗം :** വിശ്വാസപരിശീലനത്തിനൊരുവഴികാട്ടി ജനറൽ ക്വിസ് 50%

ക്ലാസ്സ് 5, 6, 7 - പേജ് 21 മുതൽ 50 വരെ, 100 മുതൽ 132 വരെ

ക്ലാസ്സ് 8,9,10 - പേജ് 51 മുതൽ 98 വരെ, 134 മുതൽ 149 വരെ

ക്ലാസ്സ് 11, 12 - പേജ് 155 മുതൽ 215 വരെ

ബൈബിൾ ലോഗോസ് പഠനഭാഗം 50%

**പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

എല്ലാ പള്ളിയിലേയും പ്രധാന അദ്ധ്യാപകർ, അതാത് പള്ളിയിലെ മതാദ്ധ്യാപകരുടെ പേര്, രജിസ്ട്രർ നമ്പർ, മറ്റു അനുബന്ധകാര്യങ്ങൾ തുടങ്ങിയവ ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാ രജിസ്ട്രറിൽ നിരന്തരം അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**മതാദ്ധ്യാപക അവാർഡുകൾ**

രൂപതയിൽ 15, 25, 35 വർഷങ്ങൾ അദ്ധ്യാപനം പൂർത്തിയാക്കിയ മതാദ്ധ്യാപകർക്ക് അവാർഡുകൾ നൽകി ആദരിക്കുന്നു. മതാദ്ധ്യാപക അവാർഡുകൾ ഒക്ടോബർ 2 നും, **സ്കൊളാസ്റ്റിക് ടെസ്റ്റ് , സാഹിത്യമത്സരങ്ങൾ** എന്നിവയുടെ സമ്മാനങ്ങൾ ലോഗോസ് അവാർഡ് ദിനത്തിലുമായിരിക്കും നല്കപ്പെടുക.

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 5-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു V മുതൽ II HDC ക്ലാസുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയിരിക്കും. ഒന്നാം സെമസ്റ്ററിൽ ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതല്ല. **മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ്** പഠനസഹായിയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതല്ല. **ലോഗോസ് ക്വിസിൽ നിന്നും വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി** എന്ന പുസ്തകത്തിൽ നിന്നും ആയിരിക്കും ചോദ്യങ്ങൾ ഉണ്ടായിരിക്കുക. ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെ 80 മാർക്കിൽ ആയിരിക്കും പരീക്ഷ. അവർക്ക് ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതാണ്.

**HDC കറസ്പോണ്ടൻസ് കോഴ്സ്**

ഈ വർഷത്തെ എച്ച്.ഡി.സി. കറസ്പോണ്ടൻസ് കോഴ്സിന്റെ ആദ്യഘട്ടം ഒക്ടോബർ 3,4 (വെള്ളി, ശനി) തിയ്യതികളിൽ നടത്തപ്പെടുന്നു. 3-ാം തിയ്യതി രാവിലെ 9.30 മുതൽ 4-ാം തിയ്യതി 3.30 വരെയാണ് ക്ലാസ്സ്. ടെക്സ്റ്റ് ബുക്ക്, ഉപപാഠപുസ്തകം, നോട്ട് ബുക്ക് ഇവ കൊണ്ടുവരേണ്ടതാണ്. ഇക്കാര്യം പ്രധാനാദ്ധ്യപകർ പ്രത്യേകം ശ്രദ്ധിച്ച് കുട്ടികളെ പറഞ്ഞയ്ക്കുക.

**SMCC സോണൽ മീറ്റ്**

SMCC സോണൽ മീറ്റ് നടക്കുന്ന തീയതിയും സ്ഥലവും താഴെചേർക്കുന്നു.

| | | |
|---|---|---|
| ഒക്ടോ.12 | 9.30am to 4.00pm | പാലക്കാട് സോൺ (പാസ്റ്ററൽ സെന്റർ) (പാലക്കാട്, ഒലവക്കോട്, ഒറ്റപ്പാലം, തത്തമംഗലം) |
| ഒക്ടോ.19 | 9.30am to4.00 pm | വടക്കഞ്ചേരി സോൺ (ഫൊറോന പാരിഷ്ഹാൾ) (വടക്കഞ്ചേരി, മംഗലംഡാം, മേലാർക്കോട്) |
| നവം. 2 | 9.30am to 4.00pm | കാഞ്ഞിരപ്പുഴ സോൺ (ഫൊറോന പാരിഷ്ഹാൾ) കാഞ്ഞിരപ്പുഴ, പൊന്നംകോട്, മണ്ണാർക്കാട് |

**രൂപതാതല ശിൽപശാല**

രൂപതയിൽ നിന്നും സഭാതലത്തിലേയ്ക്ക് രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയും തെരഞ്ഞെടുത്ത് അയക്കുന്നതിനുള്ള ശിൽപശാല പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ശിൽപശാല നവംബർ 16-ാം തിയ്യതി വൈകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 17-ാം തിയ്യതി വൈകുന്നേരം 3.30ന് അവസാനിക്കുന്നു.

**സഭാതല ശിൽപശാല**

SMCC സഭാതല ശിൽപശാലയും അവാർഡ് ദാനവും ഡിസംബർ 26,27,28 തിയ്യതികളിലായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടക്കുന്നു.

**ഒക്ടോബർ 2 - മതാദ്ധ്യാപകദിനം**

ഈ വർഷം ഒക്ടോബർ 2 ന് രൂപതയുടെ റൂബിജൂബിലിയും മതാദ്ധ്യാപക ദിനവും സംയുക്തമായിട്ടാണല്ലോ നടത്തപ്പെടുന്നത്. അതിനെ സംബന്ധിച്ച പ്രത്യേക അറിയിപ്പുകൾ എല്ലാ പ്രധാനാദ്ധ്യപകർക്കും സെപ്തംബർ 15ന് മുൻപ് നൽകുന്നതാണ്. അതനുസരിച്ചായിരിക്കണം ഈ വർഷത്തെ മതാദ്ധ്യാപകദിനത്തിനായി തയ്യാറാകേണ്ടത്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## സ്റ്റാർസ്

Blogspot: starspalghat.blogspot.in

**പ്രതിമാസ മുഖാഭിമുഖ പരിശീലന പരിപാടി**

എല്ലാ ബാച്ചുകാർക്കുമുള്ള പ്രതിമാസ മുഖാഭിമുഖ പരിശീലനപരിപാടി ആഗസ്റ്റ് 16 തിയ്യതികളിൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ടോജോ സാർ, ശ്രീദേവീ ടീച്ചർ എന്നിവർ ക്ലാസ്സുകൾ എടുത്തു. റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ, ബ്ര.ജോസഫ് എന്നിവർ നേതൃത്വം നൽകി.





**അടുത്ത പരിശീലനദിനം**

സെപ്തം. 6 ശനി 9.30am to 3.30pm പാലക്കാട് പാസ്റ്ററൽ സെന്റർ

**ബാച്ച് ബി & സി**

സെപ്തം. 6 ശനി 9.30am to 3.30pm പാലക്കാട് പാസ്റ്ററൽ സെന്റർ

NB : 2011, 2012, 2013 വർഷങ്ങളിലെ ബി & സി ബഞ്ചിൽ ഉൾപ്പെട്ടവരാണ് ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടത്.

**അപേക്ഷ സമർപ്പിക്കേണ്ട അവസാനദിവസം**

സ്റ്റാർസിന്റെ പുതിയബാച്ചിലേക്കുള്ള തിരഞ്ഞെടുപ്പിനായുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാനദിവസം സെപ്തംബർ 15 ആണ്. ഇതുവരെ അപേക്ഷകൾ സമർപ്പിച്ചവർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## ബൈബിൾ അപ്പോസ്തലേറ്റ്

Blogspot: bibleapostolatepalghat.blogspot.in

**ഹാൾ ടിക്കറ്റ്**

ലോഗോസ് ക്വിസ് എഴുതുന്നതിനുള്ള ഹാൾ ടിക്കറ്റ് അതാത് ഇടവകക്കാർ അവരുടെ User Name & Password ഉപയോഗിച്ച് Centre Login നടത്തി. അതാത് സെന്ററിലെ Control Panel-ൽ ഉള്ള പ്രിന്റ് ഹാൾ ടിക്കറ്റ് ക്ലിക്ക് ചെയ്ത് ആവശ്യത്തിനുള്ള വലിപ്പത്തിനനുസരിച്ച് ഹാൾ ടിക്കറ്റ് പ്രിന്റ് ചെയ്യാവുന്നതാണ്.

**ഉത്തരക്കടലാസ് ഓഫിസിൽ എത്തിക്കേണ്ടവിധം**

റെജിസ്ട്രേഷൻ ഫോമിൽ കുട്ടികളുടെ ക്ലാസ് രേഖപ്പെടുത്തിയതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ ഉത്തരകടലാസിനോടൊപ്പം കുട്ടികളുടെ പേരും ക്ലാസ്സും ചേർത്ത ലിസ്റ്റും കൊടുത്തയക്കേണ്ടതാണ്. ഉത്തരകലാസ് തിരിച്ചുതരുമ്പോൾ ഗ്രൂപ്പ് തിരിച്ച് റെജിസ്ട്രേഷൻ ഫോമിലെ നമ്പറിന്റെ ക്രമപ്രകാരം ഉത്തരകടലാസ് ശേഖരിച്ച് രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ് . ഉത്തരക്കടലാസുകൾ സെപ്തംബർ 29-ാം തിയ്യതി തിങ്കളാഴ്ചതന്നെ രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

# തിരുബാലസഖ്യം

Blogspot: www.holychildhoodpalghat.blogspot.in

**തിരുബാലസഖ്യ സെമിനാറുകൾ**

ഈ മാസത്തെ തിരുബാലസഖ്യം ഫൊറോനതല സെമിനാറുകൾ ആഗസ്റ്റ് 2, 16 തിയ്യതികളിൽ യഥാക്രമം മണ്ണാർക്കാട്, തത്തമംഗലം ഫൊറോനകളിൽ നടന്നു. തിരുബാലസഖ്യം രൂപതാ ഡയറക്ടർ, രൂപതാ ആനിമേറ്റർ എന്നിവർ സന്നിഹിതരായി. പാലക്കാട് രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ഫാ.റെന്നി പുല്ലുകാലായുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. മണ്ണാർക്കാട് ഫൊറോനയിൽ 99 തിരുബാലസഖ്യം കുട്ടികളും 10 ആനിമേറ്റേഴ്സും, തത്തമംഗലം ഫൊറോനയിൽ 27 തിരുബാലസഖ്യം കുട്ടികളും 6 ആനിമേറ്റേഴ്സും പ്രസ്തുത സെമിനാറുകളിൽ പങ്കെടുത്തു. സഹകരിച്ച, വേണ്ട ക്രമീകരണങ്ങൾ ചെയ്ത എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

**തിരുബാലസഖ്യ സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **സെപ്റ്റം.27** | **ശനി** | **9.30 am to 4.00 pm** | **പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| ഒക്ടോ. 11 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 22 | ബുധൻ | 9.30 am to4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ഒക്ടോ. 25 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 22 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസംബർ 6 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

ഫൊറോന സെമിനാറുകൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഡയറക്ടറോടൊപ്പം എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**കലോത്സവം**

കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചക്കായി പരിശ്രമിക്കുന്നതോടൊപ്പം അവരുടെ നൈസർഗ്ഗിക കഴിവുകൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ഫൊറോന രൂപതാതല മൽസരങ്ങൾ ഈ വർഷവും നടത്തുന്നു. **രൂപതാതല മൽസരം നടത്താൻ തീരുമാനിച്ചിരിക്കുന്നത് 2015 ജനുവരി 3-ാം തിയ്യതി ശനിയാഴ്ചയാണ്.** അതിനു മുമ്പായി ഫൊറോന മൽസരങ്ങൾ





നടത്തേണ്ടതുണ്ട്. അതിനാൽ **സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലായി ഫൊറോനതല മൽസരം നടത്തി രൂപതയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റുകൾ 2014 ഡിസംബർ 10 ന് മുമ്പായി രൂപതാ മതബോധന കേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്.** ഫൊറോന മൽസരങ്ങളുടെ നടത്തിപ്പിനായുള്ള പണം ഇടവകകളിൽ നിന്ന് തന്നെ ശേഖരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഇടവകതലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാം സ്ഥാനവും നേടുന്നവർക്ക് ഫൊറോന തലത്തിൽ മൽസരിക്കാവുന്നതാണ്.

ഫൊറോന തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാം സ്ഥാനവും നേടുന്നവർക്ക് രൂപതാതലത്തിൽ മൽസരിക്കാവുന്നതാണ്.

**വ്യക്തിഗത ഇനങ്ങളിൽ ഒരു കുട്ടിക്ക് 2 എണ്ണത്തിലേ പങ്കെടുക്കാവൂ.** മതബോധനത്തിന് നാലാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾ മാത്രമാണ് തിരുബാലസഖ്യം അംഗങ്ങൾ. ആദ്യകുർബ്ബാന സ്വീകരണത്തിന്റെ അടിസ്ഥാനത്തിലല്ല തിരുബാലസഖ്യം അംഗങ്ങളെ നിശ്ചയിക്കുന്നത്. ഒരു മൽസരത്തിനും ആൺ-പെൺ വേർതിരിവുണ്ടായിരിക്കുന്നതല്ല.

**മൽസര ഇനങ്ങൾ**

**ജൂനിയേഴ്സ് (1,2 ക്ലാസ്സുകളിൽ പഠിക്കുന്നവർ)**

ലളിതഗാനം, ആക്ഷൻ സോംഗ്, ബൈബിൾ കഥ പറയൽ, പ്രസംഗം

**സീനിയേഴ്സ് (3,4 ക്ലാസ്സുകളിൽ പഠിക്കുന്നവർ)**

ലളിതഗാനം, ഗ്രൂപ്പ് സോംഗ്, ആക്ഷൻ സോംഗ്, ബൈബിൾ വാക്യങ്ങൾ എഴുതൽ, പ്രസംഗം

**മത്സരനിയമാവലി**

**ലളിതഗാനം** - ക്രിസ്തീയ ഭക്തിഗാനങ്ങൾ ആയിരിക്കണം

**ആക്ഷൻ സോംഗ്-** കുറഞ്ഞത് 4 പേർ. 7 പേരിൽ കൂടരുത്. കുട്ടികൾ തന്നെ പാടി കളിക്കണം. ഒരു ആക്ഷൻസോംഗ് മാത്രമേ അവതരിപ്പിക്കാവൂ. ക്രിസ്തീയ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാകണം. സമയം. 5 മിനിട്ട് (ഇത് ഡാൻസ് ആകരുത്, സിംഗിൾ സ്റ്റെപ്പ് മാത്രമേ പാടുള്ളു.)

**ബൈബിൾ കഥ പറയൽ-** ബൈബിൾ കഥ തന്നെയായിരിക്കണം. സമയം 5 മിനിട്ട്

**പ്രസംഗം-** സമയം 5 മിനിട്ട്

വിഷയം. കൂദാശകൾ ജീവന്റെ നീർച്ചാലുകൾ (സീനിയേഴ്സ്)

ശിശുക്കൾ എന്റെ അടുക്കൽ വരുവിൻ അവരെ തടയേണ്ട (ജൂനിയേഴ്സ്)

**ഗ്രൂപ്പ് സോംഗ്-** ക്രിസ്തീയ ഗാനം ആയിരിക്കണം. ഒരു ടീമിൽ ചുരുങ്ങിയത് 4 പേർ. 7 പേരിൽ കൂടാൻ പാടില്ല. ഒരു സംഗീത ഉപകരണവും അനുവദനീയമല്ല. സീനിയർ വിഭാഗത്തിൽ മാത്രമേ മൽസരം ഉള്ളുവെങ്കിലും കുട്ടികൾ

തികയുന്നില്ലെങ്കിൽ ജൂനിയേഴ്സിനെക്കൂടി ഇതിൽ പങ്കെടുപ്പിക്കാം. സമയം 5 മിനിട്ട്. (ഡ്രസ്സിന്റെ ഭംഗി നോക്കിയല്ല ഈ ഇനങ്ങളിൽ മാർക്കിടുന്നത്.)

**ബൈബിൾ വാകൃങ്ങൾ എഴുതൽ–** പുസ്തകത്തിന്റെ പേര്, അദ്ധ്യായം, വാക്യം, എന്നിവ കൃത്യമായിരിക്കണം. ഉദ്ദേശിക്കുന്ന വാക്യം മുഴുവൻ എഴുതണം. ഒരു ഭാഗത്തിലെ വചനങ്ങൾ തുടർച്ചയായി എഴുതാൻ പാടില്ല. പി. ഒ. സി ബൈബിൾ ഉപയോഗിക്കുക. വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് മാത്രമായിരിക്കണം ബൈബിൾ വാക്യങ്ങൾ എഴുതേണ്ടത്. സമയം 10 മിനിട്ട്.

**ശ്രദ്ധിക്കുക.**

തിരുബാലസഖ്യം സംഘടനയുമായി ബന്ധപ്പെടുന്ന ഏതു പരിപാടിക്കു വരുമ്പോഴും കുട്ടികൾക്കെല്ലാം ബാഡ്ജ് ഉണ്ടായിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈ വർഷം ആൽബം മൽസരം ഉണ്ടായിരിക്കുന്നതല്ല.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ

## അൾത്താരസംഘം

Blogspot: abapalghat.blogspot.in

ഈ മാസത്തെ അൾത്താരസംഘം ഫൊറോനതല സെമിനാറുകൾ ആഗസ്റ്റ് 2, 16 തിയ്യതികളിൽ യഥാക്രമം മണ്ണാർക്കാട്, തത്തമംഗലം ഫൊറോനകളിൽ നടന്നു. അൾത്താരസംഘം രൂപതാ ഡയറക്ടർ, രൂപതാ ആനിമേറ്റർ എന്നിവർ സന്നിഹിതരായി. പാലക്കാട് രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ഫാ.റെന്നി പുല്ലുകാലായുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. മണ്ണാർക്കാട് ഫൊറോനയിൽ 95 അൾത്താരസംഘം കുട്ടികളും 10 ആനിമേറ്റേഴ്സും, തത്തമംഗലം ഫൊറോനയിൽ 14 അൾത്താരസംഘം കുട്ടികളും 3 ആനിമേറ്റേഴ്സും പ്രസ്തുത സെമിനാറുകളിൽ പങ്കെടുത്തു. സഹകരിച്ച, വേണ്ട ക്രമീകരണങ്ങൾ ചെയ്ത എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

**അൾത്താരസംഘം സെമിനാറുകൾ**

| | | | |
|---|---|---|---|
| **സെപ്റ്റം.27** | **ശനി** | **9.30 am to 4.00 pm** | **പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| ഒക്ടോ. 11 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 22 | ബുധൻ | 9.30 am to4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ഒക്ടോ. 25 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |





| | | | |
|---|---|---|---|
| നവം. 22 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസംബർ 6 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

**അൾത്താരസംഘം ക്വിസ് മൽസരം**

ഈ വർഷവും അൾത്താരബാലന്മാർക്കായി ക്വിസ് മൽസരം സംഘടിപ്പിക്കുന്നുണ്ട്. ഇടവകയിൽനിന്നും ജൂനിയർ (5,6,7) സീനിയർ (8–12) വിഭാഗങ്ങളിൽ ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം.

**പഠനഭാഗം**

| | | |
|---|---|---|
| വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി | – | 50 മാർക്ക് (പേജ് 21–169) |
| കുർബ്ബാനപുസ്തകം | – | 15 മാർക്ക് |
| ലോഗോസ് ക്വിസ് പഠനഭാഗം | – | 20 മാർക്ക് |
| അൾത്താരശുശ്രൂഷകർ | – | 5 മാർക്ക് |
| അൾത്താര സംഘടന, പാലക്കാട് രൂപത | – | 10 മാർക്ക് |

ഫൊറോനതല മൽസരം നവംബർ 3 ന് 9.30 മണി മുതൽ 12 മണി വരെ ഫൊറോന സെന്ററുകളിൽ വച്ചും (കൂടുതൽ വിവരങ്ങൾക്ക് ഫൊറോന അൾത്താരസംഘം ഡയറക്ടറുമായി ബന്ധപ്പെടുക) രൂപതാതല മൽസരം ഡിസംബർ 13 ശനിയാഴ്ച 9.45 മുതൽ 1 മണി വരെ പാസ്റ്ററൽ സെന്ററിൽ വച്ചും നടക്കുന്നു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## ചെറുപുഷ്പ മിഷൻ ലീഗ്

**ഈശോയിൽ പ്രിയ കുഞ്ഞുമിഷനറിമാരേ,**

ഈ മാസം എട്ടുനോമ്പാചരണം നടത്തുന്നമാസമാണല്ലോ. എല്ലാ കുഞ്ഞു മിഷനറിമാരും എട്ടുനോമ്പാചരണത്തിൽ പങ്കുചേരണമെന്ന് ഓർമ്മിപ്പിക്കുന്നു. ഇക്കഴിഞ്ഞ ആഗസ്റ്റ് 15 ന് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ എക്സിക്യൂട്ടീവ് ചേരുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ സംസ്ഥാന പ്രവർത്തന ഫണ്ട് ശേഖരണം, മേഖലാ സന്ദർശനം,ശാഖാ, മേഖല,രൂപതാ ഭാരവാഹികൾക്കുവേണ്ടി ലീഡർഷിപ്പ് ധ്യാനം എന്നിവയെക്കുറിച്ച് ചർച്ചചെയ്തു തീരുമാനങ്ങളെടുത്തു.

**ലീഡേഴ്സ് റിട്രീറ്റ്**

"രക്ഷയുടെ പടതൊപ്പിയണിയുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കയും ചെയ്യുവിൻ" (എഫേ. 6:17).

പാലക്കാട് രൂപത സി.എം.എൽ., സി.എൽ.സി. സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ, വരും നാളുകളിലെ ശക്തരായ സഭാനേതൃത്വത്തെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ധോണി മരിയൻ റിന്യൂവൽ സെന്ററിൽ വെച്ച് ഒക്ടോബർ മാസം 1-ാം തിയ്യതി വൈകിട്ട് 5 മണി മുതൽ 5-ാം തിയ്യതി ഉച്ചയ്ക്ക് 2 മണിവരെ ലീഡേഴ്സ് റിട്രീറ്റ് നടത്തപ്പെടുന്നു.

സി.എൽ.സി., സി.എം.എൽ. സംഘടനകളുടെ പാലക്കാട് രൂപതയിലെ ഇടവക, ഫൊറോന, രൂപത ഭാരവാഹികൾക്ക് മാത്രമായാണ് ധ്യാനം നടത്തപ്പെടുന്നത്. ബഹു. റെനി പുല്ലുകാലായിലച്ചനാണ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത്.

ധ്യാനത്തിനായി വരുമ്പോൾ സമ്പൂർണ്ണ ബൈബിൾ, നോട്ട് ബുക്ക്, പേന, ജപമാല എന്നിവ നിർബന്ധമായും കൊണ്ടുവരണം. ധ്യാനത്തിൽ സംബന്ധിക്കുന്നവർ സെപ്തംബർ 15ന് മുമ്പ് ഫോറോന ഡയറക്ടർമാരെ അറിയിക്കുക. രജി. ഫീസ് ഒരാൾക്ക് 300 രൂപ.

ഫോൺ : 9446148405 (ഡയറക്ടർ, സി.എം.എൽ.)

**സെപ്റ്റംബർ കർമ്മപരിപാടികൾ**

1 തിങ്കൾ : എട്ടുനോമ്പാരംഭം-പ്രേഷിത പ്രവർത്തനത്തിന്റെ വിജയത്തിനു വേണ്ടി മിഷൻ ലീഗ് അംഗങ്ങൾ എട്ട് നോമ്പ് ആചരിക്കുക.

4 വ്യാഴം : മദർ തെരേസയുടെ ചരമവാർഷികം അധ്യാപകദിനം. അധ്യാപകരെ സമർപ്പിച്ച് പ്രാർത്ഥനനടത്തുക..

8 തിങ്കൾ : മാതാവിന്റെ പിറവിതിരുനാൾ

9 ചൊവ്വ : സ്ഥാപക ഡയറക്ടർ റവ. ഫാ ജോസഫ് മലിപറമ്പിലിന്റെ ചരമദിനം, അസാധാരണസമ്മേളനവും, ദിവ്യകാരുണ്യ സ്വീകരണവും നടത്തുക.

14 ഞായർ: വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

22 തിങ്കൾ: മുൻ സംസ്ഥാന വൈസ് ഡയറക്ടർ റവ. ഫാ. അബ്രാഹം ഈറ്റയ്ക്കുന്നേലിന്റെ ചരമദിനം

**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാനിയോഗം-അദ്ധ്യാപകർക്കുവേണ്ടി.
* അനാഥാലയ സന്ദർശനം നടത്തുക, സാധിക്കുന്ന സഹായങ്ങൾ ചെയ്യുക

**സുകൃതജപം :** "വാഴ്ത്തപ്പെട്ട മദർ തെരേസേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ".

**ഫാ. ജോജി വടക്കേക്കര**
ഡയറക്ടർ





# കെ. സി. വൈ. എം

**ആഗാധ ക്വിസ് 2014**

കെ.സി.വൈ.എം.നെയും Youcat-നെയും അടുത്തറിയുവാനും മനസ്സിലാക്കുവാനുമായി രൂപത കെ.സി.വൈ.എം. സംഘടിപ്പിച്ച ക്വിസ് മത്സരം "അഗാധ 2014" ഓഗസ്റ്റ് 2-ാം തിയ്യതി യുവക്ഷേത്ര കോളേജിൽ വെച്ച് നടന്നു. യുവക്ഷേത്ര ഡയറക്ടർ ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസിഡന്റ് ഷിജു കുര്യൻ സ്വാഗതവും ട്രഷറർ ജൂബിൻ ജോസ് നന്ദിയും രേഖപ്പെടുത്തി. വിവിധ യൂണിറ്റുകളിൽനിന്നുമായി 20 ടീമുകൾ പങ്കെടുത്ത ക്വിസ്മത്സരം ഫാ. അരുൺ കലമറ്റത്തിൽ നയിച്ചു. യുവക്ഷേത്ര കോളേജ് ജോ. ഡയറകടർ ഫാ. ടോം ജി വടക്കേക്കര സമ്മാനദാനം നിർവ്വഹിച്ചു. സമ്മാനാർഹരായ യൂണിറ്റുകൾ

1-ാം സമ്മാനം (Rs.5000/-) - പൊന്നംകോട് യൂണിറ്റ്

2-ാം സമ്മാനം (Rs.3000/-) - ശ്രീകൃഷ്ണപുരം യൂണിറ്റ്

3-ാം സമ്മാനം (Rs.1000/-) - കാഞ്ഞിരപ്പുഴ യൂണിറ്റ്

**അർദ്ധവാർഷിക സെനറ്റ്**

പാലക്കാട് രൂപത കെ.സി.വൈ.എം.ന്റെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം ആഗസ്റ്റ് 9-ാം തിയ്യതി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 150 ഓളം യുവജനനേതാക്കൾ പങ്കെടുത്ത സെനറ്റിന് പ്രസിഡന്റ് ഷിജു കുര്യൻ പതാക ഉയർത്തി ആരംഭം കുറിച്ചു. ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ ബൈബിൾ പ്രതിഷ്ഠ നടത്തി. തുടർന്നുവന്ന പൊതുസമ്മേളനം മുൻ ഡയറക്ടർ ഫാ. ആന്റോ തൈക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഷിജു കുര്യൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിന് ഡയറക്ടർ സീജോ കാരിക്കാട്ടിൽ ആമുഖപ്രഭാഷണം നടത്തി. ആനിമേറ്റർ സി. ആൻഗ്രേസ് സി.എച്ച്.എഫ്., സംസ്ഥാന സിൻഡിക്കേറ്റംഗം ക്രിസ്റ്റി മാത്യു എന്നിവർ ആശംസകളർപ്പിച്ചു. ജന.സെക്രട്ടറി എബിൻ കണിവയലിൽ സ്വാഗതവും സെക്രട്ടറി വിനീഷ് പി.ഇ. നന്ദിയും അർപ്പിച്ചു. അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് സെനറ്റിനെ അഭിസംബോധനചെയ്ത് സംസാരിച്ചു. മേലാർകോട് ഒഴികെയുള്ള എല്ലാ ഫൊറോനകളും തങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. ഫൊറോന റിപ്പോർട്ടിംഗ് സെഷൻ വൈസ്പ്രസിഡന്റുമാരായ ജാക്ക് ഫ്രാൻസിസ്, ലിൻസി ജോസഫ് എന്നിവർ കൈകാര്യം ചെയ്തു. രൂപത അർദ്ധവാർഷിക റിപ്പോർട്ട് ജന.സെക്രട്ടറി എബിൻ കണിവയലിൽ സെനറ്റിൽ അവതരിപ്പിക്കുകയും സെനറ്റ് റിപ്പോർട്ട് പാസ്സാക്കുകയും ചെയ്തു. അർദ്ധവാർഷിക കണക്ക് ട്രഷറർ ജൂബിൻ ജോസ് സെനറ്റിൽ അവതരിപ്പി

ച്ചു. തുടർന്ന് സംഘടനാ ചർച്ചകളും പ്രമേയാവതരണങ്ങളും നടന്നു. ജോലി സംബന്ധമായ തിരക്കുകളാൽ വൈസ് പ്രസിഡന്റ് ലിൻസി ജോസഫ് രാജി വെയ്ക്കുകയും പ്രസ്തുത സ്ഥാനത്തേക്ക് ആഗ്നസ് (ഒറ്റപ്പാലം ഫൊറോന) തിരഞ്ഞെടുക്കുകയും ചെയ്തു. ട്രഷറർ ജൂബിൻ ജോസ് സെനറ്റിന് നന്ദി യർപ്പിച്ചു സംസാരിച്ചു. വൈസ് പ്രസിഡന്റ് ലിൻസി ജോസഫ് പതാക താഴ്ത്തി സെനറ്റിന് സമാപനം കുറിച്ചു.

**മനിഷാദ 2014**

മണ്ണാർക്കാട് ഫൊറോനയിൽവെച്ച് സെപ്തംബർ 13ന് നടത്താനിരുന്നു "മനി ഷാദ" ഒക്ടോബർ 3ലേക്ക് മാറ്റിയിരിക്കുന്നു. മദ്യവും മയക്കുമരുന്നും ഇന്ന് സമൂഹത്തേയും യുവത്വത്തേയും കാർന്നുതിന്നുന്ന മഹാവിപത്തായി മാറി യിരിക്കുന്നു. ലഹരി സംസ്കാരം എന്ന സാമൂഹിക തിന്മയെ അറുത്തുമാറ്റു വാൻ പാലക്കാട് രൂപതയിലെ യുവജനകൂട്ടായ്മ, "മനിഷാദ 2014" ഏവരു ടെയും പങ്കാളിത്തവും സഹകരണവും പ്രതീക്ഷിക്കുന്നു.

**കെ.സി.വൈ.എം. ട്രോഫീസ്**

സമ്മാനദാനങ്ങൾക്കാവശ്യമായ ട്രോഫികൾ/മെഡലുകൾ/ഷീൽഡുകൾ എന്നിവ ഓർഡർ അനുസരിച്ച് പേരോടുകൂടി കെ.സി.വൈ.എം. നൽകുന്നു. ട്രോഫികൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഇതുവഴി ലഭ്യമാക്കാനാവും കൂടു തൽ വിവരങ്ങൾക്കും ഓർഡറുകൾക്കും ബന്ധപ്പെടുക : 9562202502, 9645331832, 9037183626

**ദയാവധത്തിനെതിരെ ഭീമഹർജി**

ദയാവധം നിയമവിധേയമാക്കരുത് എന്ന് സംസ്ഥാന സർക്കാർ സുപ്രീംകോ ടതിയെ അഭിപ്രായം അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 6000ത്തോളം പേർ ഒപ്പിട്ട ഭീമ ഹർജി പാലക്കാട് രൂപത കെ.സി.വൈ.എം. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, നിയമമന്ത്രി ശ്രീ. കെ.എം. മാണി, പാലക്കാട് ജില്ലാകള ക്ടർ ശ്രീ. രാമചന്ദ്രൻ എന്നിവർക്ക് സമർപ്പിച്ചു.

**ഷോർട്ട് ഫിലിം മത്സരം**

ക്രൈസ്തവ മൂല്യങ്ങളിൽ സമൂഹത്തെ വാർത്തെടുക്കുന്നതിനും യൂണിറ്റു കളിലെ യുവജനകൂട്ടായ്മയുടെ ശാക്തീകരണവും ലക്ഷ്യംവെച്ചുകൊണ്ട് കെ.സി.വൈ.എം. പാലക്കാട് രൂപത ഷോർട്ട് ഫിലിം മത്സരം നടത്തുന്നു. പ്രസ്തുത മത്സരം വൈവിധ്യങ്ങളുടെ കലവറയാക്കുവാൻ യുവജനങ്ങൾ പരിശ്രമിക്കുമല്ലോ. മത്സരത്തിനുള്ള എൻട്രികൾ രജിസ്ട്രേഷൻ ഫീസോടു കൂടി സമർപ്പിക്കാനുള്ള അവസാനദിവസം ഒക്ടോബർ 31 ആണ്.

വിഷയം : "നന്മയുടെ യുവത്വം നാളെയുടെ വെളിച്ചം".

**നിബന്ധനകൾ**

* കെ.സി.വൈ.എം. അംഗങ്ങൾ തന്നെയായിരിക്കണം സംവിധാനം, നിർമ്മാ ണം, സ്ക്രിപ്റ്റ് എന്നിവ ചെയ്യേണ്ടത്.





* ഷോർട്ട് ഫിലിം പ്രസ്തുത യൂണിറ്റിന്റെ പേരിലായിരിക്കണം.
* സമയം 5 മുതൽ 7 മിനിട്ട് വരെയാണ്.
* MP4 ഫയൽ ഫോർമാറ്റിലാക്കി DVD-യിലായിരിക്കണം സമർപ്പിക്കേണ്ടത്.
* ഒരു യൂണിറ്റിൽനിന്നും നൽകാവുന്ന എൻട്രികളുടെ എണ്ണത്തിന് പരിമി തികളില്ല. ഒരു എൻട്രിക്ക് 200 രൂപയാണ് രജിസട്രേഷൻ ഫീസ്.
* സമർപ്പിക്കപ്പെടുന്ന ഷോർട്ട് ഫിലിം പൂർണ്ണമായും പുതിയതായി നിർമ്മി ക്കപ്പെട്ടതായിരിക്കണം (മുൻപ് പ്രകാശിപ്പിക്കരുത്).
* സമർപ്പിക്കപ്പെടുന്ന ഷോർട്ട് ഫിലിമിന്റെ പൂർണ്ണ അവകാശം പാലക്കാട് രൂപത കെ.സി.വൈ.എം.ന് ആയിരിക്കും.

**ഉത്സവ് 2014**

കെ.സി.വൈ.എം. പാലക്കാട് രൂപത കലാകായിക മാമാങ്കം ഉത്സവ് 2014 നവംബർ 8-ാം തിയ്യതി മേഴ്സികോളേജ് ഗ്രൗണ്ടിലും കത്തീഡ്രൽ സ്കൂളി ലുമായി നടക്കുന്നു.

**a. കായികമത്സരങ്ങൾ**

ഓട്ടം- 100മീ., 200മീ, 400മീ, 1500മീ, റിലേ 4x100മീ, ഷോട്ട് പുട്ട്, ഡിസ്കസ് ത്രോ, ജാവലിൻ ത്രോ, ഹൈജംപ്, ലോങ്ങ്ജംപ്

* പുരുഷന്മാർക്കും വനിതകൾക്കും മത്സരങ്ങൾ വെവ്വേറെയായിരിക്കും
* ഹൈജംപ് പുരുഷന്മാർക്കുമാത്രം.

**b. കലാമത്സരങ്ങൾ**

**ഇനങ്ങൾ**

1. ലളിതഗാനം - 5 മിനിട്ട് (യുവാവ്, യുവതി) ധാർമ്മിക മൂല്യങ്ങൾ ഉദ്ഘോ ഷിക്കുന്ന ഗാനങ്ങളായിരിക്കണം. സെമി ക്ലാസിക്കൽ ഗാനങ്ങൾ അനുവ ദനീയമല്ല.
2. കെ.സി.വൈ.എം. ആന്തം - അംഗങ്ങളുടെ എണ്ണം 3ൽ കുറയുകയോ 7ൽ കൂടുകയോ ചെയ്യരുത്. കെ.സി.വൈ.എം. ഔദ്യോഗിക പതാക ഏന്ത ണം. മാർച്ചിങ് ട്യൂണാണ് ആലപിക്കേണ്ടത്.
3. സംഘഗാനം - 7 മിനിട്ട്. അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയുകയോ 7 പേരിൽ കൂടുകയോ ചെയ്യരുത്. ധാർമ്മിക മൂല്യങ്ങൾ ഉദ്ഘോഷിക്കുന്ന വയായിരിക്കണം.
4 പ്രസംഗം - 5 മിനിട്ട് (യുവാവ്, യുവതി). ഭാഷ - മലയാളം. 5 മിനിട്ട് മുമ്പ് വിഷയം നൽകപ്പെടും.
5 മോണോ ആക്ട് - 5 മിനിട്ട്. ഒരു സംഭവമോ കഥയോ അവതരിപ്പിച്ച് എല്ലാ കഥാപാത്രങ്ങളെയും രൂപത്തിലും ഭാവത്തിലും ശബ്ദത്തിലും അവ തരിപ്പിക്കണം.
6. സിംഗിൾ ഡാൻസ് - 7 മിനിട്ട് (യുവാവ്, യുവതി). സിംഗിൾ ഡാൻസ്

മത്സരങ്ങൾക്ക് നാടോടി നൃത്തമാണ് അവതരിപ്പിക്കേണ്ടത്. സി.ഡി./ കാസറ്റ് സംഗീതം അനുവദിക്കും. പിന്നണിക്ക് പ്രത്യേകിച്ച് പ്രാധാന്യം നൽകുന്നതല്ല. സിനിമാഗാനങ്ങൾ അനുവദനീയമല്ല.

7. മാർഗ്ഗംകളി – 10 മിനിട്ട് (യുവതികൾക്ക് മാത്രം) അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയുകയോ 7 പേരിൽ കൂടുകയോ പാടില്ല.

**നിബന്ധനകൾ**

* രൂപത കെ.സി.വൈ.എം. അംഗത്വമുള്ളവർക്കുമാത്രമേ മത്സരങ്ങളിൽ പങ്കെടുക്കാവു.
* കലാമത്സരങ്ങൾ ക്രൈസ്തവ ആശയങ്ങൾ നൽകുന്നവയായിരിക്കണം.
* യുവാവ്/യുവതി എന്ന് വേർതിരിച്ച് എഴുതാത്ത മത്സരങ്ങൾ യുവാക്കൾക്കും യുവതികൾക്കും ഒന്നിച്ചായിരിക്കും നടത്തുക.

**ഫാ. സീജോ കാരിക്കാട്ടിൽ**
ഡയറക്ടർ

## സി. എൽ. സി

**ലീഡേഴ്സ് റിട്രീറ്റ്**

"രക്ഷയുടെ പടതൊപ്പിയണിയുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കയും ചെയ്യുവിൻ" (എഫേസോസ് 6:17).

പാലക്കാട് രൂപത സി.എം.എൽ., സി.എൽ.സി. സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ, വരും നാളുകളിലെ ശക്തരായ സഭാനേതൃത്വത്തെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ധോണി മരിയൻ റിന്യുവൽ സെന്ററിൽ വെച്ച് ഒക്ടോബർ മാസം 1–ാം തിയ്യതി വൈകിട്ട് 5 മണി മുതൽ 5–ാം തിയ്യതി ഉച്ചയ്ക്ക് 2 മണിവരെ ലീഡേഴ്സ് റിട്രീറ്റ് നടത്തപ്പെടുന്നു.

സി.എൽ.സി., സി.എം.എൽ. സംഘടനകളുടെ പാലക്കാട് രൂപതയിലെ ഇടവക, ഫൊറോന, രൂപത ഭാരവാഹികൾക്ക് മാത്രമായാണ് ധ്യാനം നടത്തപ്പെടുന്നത്. ബഹു. റെനി പുല്ലുകാലായിലച്ചനാണ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത്.

ധ്യാനത്തിനായി വരുമ്പോൾ സമ്പൂർണ്ണ ബൈബിൾ, നോട്ട് ബുക്ക്, പേന, ജപമാല എന്നിവ നിർബന്ധമായും കൊണ്ടുവരണം. ധ്യാനത്തിൽ സംബന്ധിക്കുന്നവർ സെപ്തംബർ 15ന് മുമ്പ് ഫോറോന ഡയറക്ടർമാരെ അറിയിക്കുക. രജി. ഫീസ് ഒരാൾക്ക് 300 രൂപ.
ഫോൺ : 9447514535 (ഡയറ്കടർ, സി.എൽ.സി).

**ഫാ. തോം കിഴക്കേടത്ത്**
ഡയറക്ടർ





## മാതൃസംഘം

**സെപ്തംബർ 8 നു പരി. മാതാവിന്റെ പിറവി തിരുന്നാൾ**

മാതാവിന്റെ പിറവി തിരുന്നാൾ മാതൃസംഘാംഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്നതാണെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. അന്നേദിവസം സമുചിതമായി ആചരിക്കുക, അംഗങ്ങളെല്ലാവരും കുമ്പസാരിച്ച് ഒരുങ്ങി വിശുദ്ധ കുർബാന സ്വീകരിച്ച് ആഘോഷം പൂർണ്ണമാക്കുക.

**കൈയെഴുത്തു മാസിക**

ഈ വർഷത്തെ കൈയെഴുത്തു മാസികയുടെ അടിസ്ഥാന വിഷയം 'കുടുംബ വിശുദ്ധീകരണം' എന്നതാണ്.

**ഉപവിഷയങ്ങളായി :** 'അമ്മ ഹൃദയങ്ങളുടെ കാവൽക്കാരിയായവൾ', 'അമ്മ അനുദിന ജീവിത രക്തസാക്ഷി' എന്നിവ തിരഞ്ഞെടുത്തിരിക്കുന്നു.

**നിബന്ധനകൾ:**

* സാധാരണ A4 പേപ്പറിൽ ഒരു പുറത്തിൽ മാത്രമേ എഴുതാവൂ
* 100 പേജിൽ കുറയരുത്
* രചനകൾ മൗലികമായിരിക്കണം
* ഹാർഡ് ബൈൻഡ് ചെയ്തതാകണം കവറുകൾ
* രചനകളുടെ വൈവിധ്യം മൂല്യനിർണ്ണയത്തിൽ ഒരു ഘടകമായിരിക്കും

**അമ്മ അറിയാൻ**

ആദ്യ മേഖലാ സെമിനാർ മണ്ണാർക്കാട് മേഖലയിൽ നടന്നു. നല്ല സഹകരണംകൊണ്ട് ഈ പരിപാടി വിജയിപ്പിച്ച എല്ലാ അമ്മമാർക്കും നന്ദി. പ്രത്യേകിച്ച് മണ്ണാർക്കാട്, പൊന്നംകോട്, കാഞ്ഞിരപ്പുഴ ഫൊറോന ഭാരവാഹികൾക്കും, മണ്ണാർക്കാട് യൂണിററ് ഭാരവാഹികൾക്കും നന്ദി

**ഫാ. ബിനു പൊൻകാട്ടിൽ**
ഡയറക്ടർ

## ഫാമിലി അപ്പോസ്തലേറ്റ്

ഒരു വർഷം പൂർണ്ണമായും ഹോംമിഷനുവേണ്ടി മാറ്റിവെച്ച് ആ പ്രേഷിത പ്രവർത്തനം പൂർത്തിയാക്കിയ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനു നന്ദി. ഹോംമിഷന്റെ സമാപന പരിപാടിയായി ആഗസ്ററ് 28, 29 തിയ്യതികളിൽ വേളാങ്കണ്ണി തീർത്ഥാടനം നടത്തി.

## പ്രീകാന കോഴ്സ്

**സെപ്തംബർ** മാസത്തിലെ പ്രീകാന കോഴ്സ് **1,2,3,4** തീയതികളിലും **ഒക്ടോബർ** മാസത്തിലെ പ്രീകാന കോഴ്സ് **6,7,8,9** തിയ്യതികളിലും മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ



## കുടുംബകൂട്ടായ്മ

1. ഇടവകകളിലെ കുടുംബയൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടക്കുന്നുവെന്നു വിശ്വസിക്കുന്നു. തിരഞ്ഞെടുപ്പ് നടന്ന ഇടവകകളിലെ ലിസ്റ്റ് കിട്ടിതുടങ്ങി. സെപ്റ്റംബർ 30 നു മുമ്പായി തിരഞ്ഞെടുപ്പു നടത്തി രൂപതാ കേന്ദ്രത്തിൽ ലിസ്റ്റ് എത്തിക്കാൻ ബഹുമാനപ്പെട്ട വികാരിമാർ ശ്രദ്ധിക്കുമല്ലോ.

2. സുവിശേഷവൽക്കരണത്തിന്റെ ഭാഗമായി സഭാപഠനങ്ങളും, സഭാവാർത്തകളും ഉൾകൊള്ളുന്ന മാസത്തിലൊരിക്കൽ ഇറക്കുന്ന രൂപത വാർത്തപത്രിക എല്ലാ ഭവനങ്ങളിലും എത്തിക്കാൻ നമ്മുടെ കുടുംബയൂണിറ്റു ഭാരവാഹികൾ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

3. രൂപതയുടെ അസംബ്ലിയോടനുബന്ധിച്ച് യൂണിറ്റുകളിൽ, പഠനരേഖകളെ അടിസ്ഥാനമാക്കി നടത്തിയ ചർച്ചകൾക്ക് നന്ദിപറയുന്നു.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ





## ALL KERALA CATHOLIC CONGRESS (A.K.C.C)

AKCC-ലേക്ക് പേരുകൾ ലഭിക്കാത്ത ഇടവകകൾ ഇനിയുമുണ്ട്. അടുത്ത മാസം പേരുകൾ ലഭിക്കാത്ത ഇടവകകളുടെ പേരുകൾ പരസ്യപ്പെടുത്തുന്നതായിരിക്കും.

AKCCഎന്നുള്ളത് സമുദായശബ്ദമാണ്. അതുകൊണ്ട് ഇടവകകളിലെ കെ. സി.വൈ.എം, മാതൃസംഘം, പിതൃസംഘം, ഭാരവാഹികളും, കുടുംബയൂണിറ്റു ഭാരവാഹികളും ഇടവകവികാരി നാമനിർദ്ദേശം ചെയ്യുന്നവരും ഉൾകൊള്ളുന്നതാണ് AKCC-യുടെ ഒരു യൂണിറ്റ്.

**ഫാ. ജോർജ്ജ് തുരുത്തിപ്പിള്ളി**
ഡയറക്ടർ

## അസ്സോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് (ACCH)

സാമൂഹ്യനീതിവകുപ്പ് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കൗൺസിലിംഗ് സംവിധാനം നൽകുന്ന കൗൺസിലർമാരുടെ നിയമനം നടന്നു. പാലക്കാട് ജില്ലയിലെ കൗൺസിലർമാരായി തിരഞ്ഞെടുക്കപ്പെട്ട റവ. സി.വിജയ. CMC(പാലക്കാട് - അട്ടപ്പാടി മേഖലകൾ), റവ. സി. ശുഭ MSJ( വടക്കൻഞ്ചേരി-വളാഞ്ചേരി മേഖലകൾ), ശ്രീമതി സിസിലി ജോർജ്ജ് കരിമ്പ(കല്ലടിക്കോട്-മണ്ണാർക്കാട് മേഖലകൾ) എന്നിവർക്ക് പാലക്കാട് രൂപത ACCHP യുടെ അഭിനന്ദനങ്ങളും ആശംസകളും

ACCH ന്റെ രൂപതാതല രജിസ്ട്രേഷനും KCBC യിലേക്കുള്ള രജിസ്ട്രേഷനും ഇനിയും നടത്താത്ത ഓർഫനേജുകൾ, വൃദ്ധസദനങ്ങൾ, മാനസിക ശാരീരിക വിഭിന്നശേഷിയുള്ളവരെ പരിരക്ഷിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവ **സെപ്തംബർ മാസം 15** ന് മുൻപായി രജിസ്ട്രേഷൻ ഫോറം PSSP യിൽ നിന്ന് സ്വീകരിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 200 രൂപയാണ്. Contact No. 9400299234

**ഫാ. എബിൻ കുളമ്പിൽ**
ഡയറക്ടർ



# കരിസ്മാറ്റിക് വാർത്തകൾ

**സർവ്വീസ് ടീം മീറ്റിങ്ങ്**

ഓഗസ്റ്റ് മാസം 6-ാം തിയതി രാവിലെ 10 മണിക്ക് നീതിപുരം സെന്റ് ജോസഫ് ദേവാലയത്തിൽ വെച്ച് സർവ്വീസ് ജപമാലയോടുകൂടി ആരംഭിച്ചു. വി. കുർബാനയ്ക്കും ദിവ്യകാരുണ്യ ആരാധനയ്ക്കും ശേഷം 1.30 ന് മീറ്റിംങ്ങ് ആരംഭിച്ചു. സോണിലെ നവീകരണ പ്രവർത്തനങ്ങൾ വിലയിരുത്തി ഒക്ടോബർ മാസത്തിൽ രൂപതാ റൂബിജൂബിലിയോടനുബന്ധിച്ച് എല്ലാ ഇടവകകളിലും അഖണ്ഡജപമാല നടത്തുക. ഡയറക്ടറച്ചന്റെ സബ് സോണൽ സന്ദർശനം എന്നിവ തീരുമാനങ്ങളിൽപെടുന്നു. അഖണ്ഡ ജപമാല നടത്തിപ്പിനായി ഒരു സബ് കമ്മറ്റിക്ക് രൂപം നൽകി രൂപതാ കോ-ഓർഡിനേറ്റർ ഉമ്മൻമാത്യു, ഫ്രാങ്കോ ജോസഫ്, ജോർജ് പുന്നോലിൽ, സാബു അബ്രാഹം എന്നിവരാണ് ഇതിലെ അംഗങ്ങൾ. യോഗത്തിൽ PST അംഗങ്ങളും KAC സബ്സോണൽ കോർഡിനേറ്റർ എന്നിവർക്കൊപ്പം, ഡയറക്ടർ റവ. ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ വടക്കഞ്ചേരി സബ് സോൺ ഡയറക്ടർ റവ. ഫാ. അജി ഐക്കര, നീതിപുരം പള്ളിവികാരി റവ. ഫാ. ധനേഷ് കാളൻ എന്നിവരും പങ്കെടുത്തു. അടുത്ത PST മീറ്റിങ്ങ് സെപ്തംബർ 23 ന് കണ്ടമംഗലം ഇടവകയിൽ രാവിലെ 10 മണിക്ക് നടത്തുവാൻ തീരുമാനിച്ചു.

**അഖണ്ഡജപമാല**

പാലക്കാട് രൂപതാ റൂബിജൂബിലിയോടനുബന്ധിച്ച് എല്ലാ പള്ളികളിലും ഒരു ദിവസത്തെ അഖണ്ഡജപമാല നടത്തുന്നു. ഒക്ടോബർ മാസത്തിലെ 31 ദിവസവും നടത്തുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. രാവിലെ 9 മുതൽ വൈകിട്ട് 5 വരെയാണ് സമയം, എല്ലാ ഇടവകകളിലേയ്ക്കും സോണൽ പ്രതിനിധികൾ വന്ന് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നതാണ്. അഖണ്ഡജപമാല പ്രാർത്ഥനവഴി നമ്മുടെ രൂപതയും ഇടവകകളും, ദേശവും കുടുംബങ്ങളും കൂടുതൽ വിശുദ്ധീകരിക്കപ്പെടുവാൻ നമുക്ക് പ്രാർത്ഥിക്കാം.

**Zume ലീഡേഴ്സ് ട്രെയിനിങ്ങ് പ്രോഗ്രാം.**

ഓഗസ്റ്റ് മാസത്തെ ക്ലാസുകൾ 15, 16 തിയതികളിൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. ക്ലാസുകൾക്ക് ശ്രീ തോമസ് കുര്യൻ (കോട്ടയം), ഫ്രാങ്കോ ജോസഫ്, ഉമ്മൻ മാത്യു എന്നിവർ നേതൃത്വം നൽകി. സെപ്റ്റംബർ മാസത്തെ പ്രോഗ്രാം 19, 20 തിയതികളിലായിരിക്കും നടത്തുക.





**ഡയറക്ടറച്ചന്റെ സബ് സോണൽ സന്ദർശനം**

സോണൽ ഡയറക്ടർ ഫാ. ഡൊമിനിക് ഐപ്പൻ പറമ്പിൽ സബ്ബ് സോണുകൾ സന്ദർശിച്ച് നേതൃത്വവുമായി കൂടിക്കാഴ്ച നടത്തിക്കൊണ്ടിരിക്കുന്നു. ഓഗസ്റ്റ് 19-ാം തിയതി രാവിലെ 11 ന് കാഞ്ഞിരപ്പുഴ ഫൊറോന ദേവാലയത്തിൽ വെച്ച് കാഞ്ഞിരപ്പുഴ സബ്ബ്സോൺ ലീഡിഴ്സിനെയും ഉച്ചതിരിഞ്ഞ് 2 മണിക്ക് മണ്ണാർക്കാട് ടൗൺ പള്ളിയിൽ വെച്ച് മണ്ണാർക്കാട് സബ്ബ് സോൺ ലീഡേഴ്സിനെയും ഓഗസ്റ്റ് 22-ാം തിയതി 10 മണിക്ക് രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് പാലക്കാട് സബ്ബ് സോൺ ലീഡേഴ്സിനെയും കണ്ട് സംസാരിച്ചു.

**ജാഗരണ പ്രാർത്ഥന**

സെപ്തംബർ മാസത്തെ ജാഗരണ പ്രാർത്ഥന 26-ാം തിയതി വെള്ളിയാഴ്ച കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് നടത്തുന്നു. റവ. ഫാ. തോം കിഴക്കേടത്ത് ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

**കൊയ്നോണിയ 2014**

സെപ്തംബർ മാസം കളമശേരിയിൽ നടക്കുന്ന പ്രോഗ്രാമിൽ രൂപതയിൽ നിന്നും 50 ഓളം പ്രതിനിധികൾ പങ്കെടുക്കുന്നു. സെപ്തംബർ 12 മുതൽ 15 വരെയാണ് പ്രോഗ്രാം നടക്കുന്നത്. ഈ പ്രോഗ്രാമിൽ രൂപതയിൽ നിന്നും പങ്കെടുക്കുന്നവരുടെ ആദ്യ ക്ലാസ് ഓഗസ്റ്റ് 23 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു.

**ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ**
ഡയറക്ടർ



# ജീസസ് ഫ്രെറ്റേണിറ്റി

പാലക്കാട് രൂപതയിൽ പ്രവർത്തിക്കുന്ന ജയിലുകളിൽ സന്ദർശനം നടത്തുന്നതിനും ജയിൽ മിനിസ്ട്രി അംഗങ്ങളെ കാണുന്നതിനുമായി സംസ്ഥാന ഡയറക്ടർ റവ. ഫാ. യേശുദാസ് കൊടിവീട്ടിലും 10 പേർ അടങ്ങുന്ന ടീം അംഗങ്ങളും രണ്ടുദിവസത്തേയ്ക്കായി ഇവിടെ വരികയും പാലക്കാട്, ഒറ്റപ്പാലം, ചിറ്റൂർ, ആലത്തൂർ എന്നിവിടങ്ങളിൽ പോവുകയും, ജയിലിലെ മക്കളുടെ കുടുംബങ്ങൾക്കുവേണ്ടിയും അവർക്കുവേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്തു. ആരും ഒരു തരത്തിലും വിഷമിക്കരുത്, ഏതു തരത്തിലും സഹായിക്കാൻ ഞങ്ങൾ തയ്യാറാണ് എന്ന് അച്ചൻ അറിയിച്ചു. പാസ്റ്ററൽ സെന്ററിൽ സോണിലെ സിസ്റ്റേഴ്സ് ഒരുമിച്ച് കൂടുകയും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. നഷ്ടങ്ങളുടെ ഉദ്യോഗമാണ് ജയിൽമിനിസ്ട്രിയെന്നും പ്രതിഫലമില്ലാതെ, പ്രോത്സാഹനങ്ങൾ പ്രതിക്ഷിക്കാതെ സ്വയം മനസ്സായി ഇറങ്ങിചെന്ന് പ്രവർത്തിക്കേണ്ട ഒരു

പ്രേഷിതപ്രവർത്തന മേഖലയാണിതെന്നും സ്വന്തം അനുഭവങ്ങളിലൂടെയും ഉദാഹരണങ്ങളിലൂടെയും ഹൃദയസ്പർശിയായ രീതിയിൽ അച്ചൻ സംസാരിച്ചു. നാല് സോണുകളിലും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അച്ചൻ പറയുകയുണ്ടായി. ഇനിയുംകുറച്ചുകൂടി തീക്ഷ്ണതയോടെ പ്രവർത്തിക്കേണ്ട മേഖലയാണെന്നും മനസ്സിലാക്കുവാൻ സാധിച്ചു. സമയത്തെയും സാഹചര്യത്തെയും അതിലംഘിച്ചുകൊണ്ട് ജയിലറകളിൽ കഴിയുന്ന സഹോദരങ്ങളുടെ കുടുംബങ്ങളിലേയ്ക്ക് കാലിൽ ചിറകും ഹൃദയത്തിൽ അഗ്നിയിമായി ഇറങ്ങി പുറപ്പെടണമെന്ന്ബോധ്യമായി. നല്ല ദൈവം ഇന്നൊരുക്കിയ എല്ലാ അനുഭവങ്ങൾക്കും അനുഗ്രഹങ്ങൾക്കും നന്ദിപറഞ്ഞുകൊണ്ട് സ്നേഹത്തോടെ അവരെ യാത്രയാക്കി .

**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| സെപ്തം. | 14-19 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| സെപ്തം. | 21-25 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| സെപ്തം. 28 ഒക്ടോ. 3 | | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 - 327710.

**സെഹിയോൻ കൺവെൻഷൻ**

സെപ്തംബർ 21 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV





**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്യുന്നതാണ്. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

## പി. എസ്. എസ്. പി.

**സെപ്റ്റംബർ മാസത്തെ പി.എസ്.എസ്.പി. ഇടവകകളിലൂടെ ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ:**

1. JLG : വസ്തുജാമ്യമില്ലാതെ 4/5 പേരടങ്ങുന്ന കർഷകർക്ക് കാർഷിക പ്രവർത്തനങ്ങൾക്കായി 4% പലിശനിരക്കിൽ 3 ലക്ഷം രൂപവരെ വാർഷിക ബാങ്ക് ലോൺ നൽകുന്നു. താത്പര്യമുള്ള കർഷകർ ഉടൻ ബന്ധപ്പെടുക.
2. WSHG : കുടുംബശ്രീ അംഗമല്ലാത്ത സ്ത്രീകളെ 10 പേരടങ്ങുന്ന സംഘങ്ങളാക്കി ശാക്തീകരിച്ച് വരുമാന വർദ്ധനവിനായി ബാങ്കുകളിൽ നിന്ന് വസ്തു ജാമ്യമില്ലാതെ ലോൺ എടുക്കുന്നതിനും കൃത്യമായ മാസതവണകളായി തിരിച്ചടയ്ക്കുന്നതിനും സഹായിക്കുന്നു.
3. KLM : കെ.എൽ.എം. യൂണിറ്റുകളില്ലാത്ത ഇടവകകളിൽ യൂണിറ്റു സ്ഥാപിക്കുകയും എല്ലാ ഇടവകകളിലും ക്ഷേമനിധി, പെൻഷൻ, സ്കോളർഷിപ്പ്, ആരോഗ്യ ഇൻഷൂറൻസ്, വിവാഹ ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് അംഗങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.
4. **പരിശീലന പരിപാടികൾ** : തയ്യൽ, ഫാഷൻ ഡിസൈനിംഗ്, ഡ്രൈവിംഗ്, കാറ്ററിംഗ്, ഇലക്ട്രീഷ്യൻ, യന്ത്രമുപയോഗിച്ചുള്ള തെങ്ങുകയറ്റം, സോപ്പും സോപ്പുത്പന്നങ്ങളും, ഗാർഹിക നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണം തുടങ്ങി വിവിധ വിഷയങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.
   Ph: 0491 2520395, 252027784, 9447020395, 9400299234
5. **ജാക്ക്ഫ്രൂട്ട് മിഷൻ** : പച്ചച്ചക്ക ഉണക്കിയത്, പഴച്ചക്ക ഉണക്കിയത്, ചക്ക ഉപയോഗിച്ചുള്ള ഉണ്ണിയപ്പം, എടനയപ്പം, ചക്കപ്പായസം, തുടങ്ങിയ ഉത്പന്നങ്ങളും ലഭിക്കുന്നതാണ്.
   ബന്ധപ്പെടുക: 94471806679, 9446420395

**6. കൊയ്നോണിയ:** കർഷകർ ഉത്പാദിപ്പിക്കുന്നവ ഇടനിലക്കാരില്ലാതെ നേരിട്ട് വിൽക്കുന്നതിനും വാങ്ങുന്നതിനും വാഴക്കുല, പച്ചക്കറികൾ എല്ലാം, നാടൻകോഴി, മുയൽ, പോർക്ക്. ബന്ധപ്പെടുക : 9446420395, 9447239812

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

2.9.14 നു ചൊവ്വാഴ്ച കാലത്ത് 11 മണിക്ക് പി.എസ്.എസ്. പി.യിൽവച്ച് ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ് നടത്തപ്പെടുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിങ്ങുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 9.9.14 | ചൊവ്വ | | പാലക്കാട്/മലമ്പുഴ | 10.30 am |
| 11.9.14 | വ്യാഴം | ശ്രീകൃഷ്ണപുരം | കടമ്പൂർ | 10.30 am |
| 12.9.14 | വെള്ളി | കുഴൽമന്ദം | മാത്തൂർ | 10.30 am |
| 15.9.14 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 11.00 am |
| 17.9.14 | ബുധൻ | നെന്മാറ | നെന്മാറ പാരിഷ്ഹാൾ | 10.30 am |
| 24.9.14 | ബുധൻ | ആലത്തൂർ | FCC വടക്കുഞ്ചേരി | 10.30 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 9.9.14 | ചൊവ്വ | ഗൂളിക്കടവ് അട്ടപ്പാടി | 10.00am to 2.00 pm |
| 15.9.14 | തിങ്കൾ | ഗൂളിക്കടവ് അട്ടപ്പാടി | 10.00am to 2.00 pm |
| 16.9.14 | ചൊവ്വ | സാൻജോ ടവ്വർ | 10.00am to 2.00 pm |
| 17.9.14 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 10.30am to 1.00 pm |
| 18.9.14 | വ്യാഴം | കരിമ്പപാരിഷ്ഹാൾ | 10.30am to 2.00 pm |
| 22.9.14 | തിങ്കൾ | മുണ്ടൂർ(പൊരിയാനി) | 10.30am to 2.00 pm |
| 24.9.14 | ബുധൻ | FCC വടക്കുഞ്ചേരി | 10.30am to 2.00 pm |

**സേവ് എ ഫാമിലി**

**I. EDP ട്രെയിനിംഗ് നടത്തി**

ആഗസ്റ്റ് 27-ാം തിയ്യതി കല്ലടിക്കോടും 28-ാംതിയ്യതി പാസ്റ്ററൽ സെന്ററിൽ വച്ചും 2013 ൽ പുതിയതായി SAFP യിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് EDP ട്രെയിനിംഗ് നടത്തി. JSS Director Mr. Siju Mathew ക്ലാസ്സും Practical Session SHG ആനിമേറ്റേഴ്സും എടുത്തു.

**II. ബെനഫാക്ടർമാർക്കുള്ള ക്രിസ്മസ് ന്യൂ ഇയർ ലെറ്റർ**

മലയാളത്തിൽ എഴുതിയ കത്തുകൾ ഇംഗ്ലീഷിൽ തർജ്ജിമ ചെയ്യുന്നതിനായി അതാതു സെന്ററുകളിലെ ലോക്കൽ സ്പോൺസർമാരെ സെപ്റ്റംബർ മാസത്തിൽ ഏല്പ്പിക്കുന്നതാണ്.





**Review meeting & Reporting & Picnic**

SAFP Coordinator's നുള്ള Review meeting& Reporting & Picnicസെപ്റ്റംബർ 16 മുതൽ 19 വരെ എറണാകുളം ഐശ്വര്യഗ്രാമിലുള്ള SAFP India ഓഫീസിൽ വച്ച് നടക്കുന്നു. SAFP Coordinator Sr. Jessy Maria പങ്കെടുക്കുന്നതാണ്.

**Anual General Body meeting**

**SAFP Anual General Body meeting Sept.** 25 ന് SAFP India ഓഫീസിൽ വച്ച് നടത്തുന്നു. SAFP Director പങ്കെടുക്കുന്നതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

## കേരള ലേബർ മൂവ്മെന്റ് (KLM)

കെ.എൽ.എം പാലക്കാട് ജില്ലാകമ്മിറ്റിയുടെ ശാക്തീകരണത്തിന്റെ ഭാഗമായി 23.08.2014 ന് ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽവച്ച് ഏകദിന സെമിനാർ നടത്തി. സംസ്ഥാന കോർഡിനേറ്റർ ശ്രീ. അലക്സ് ക്ലാസ്സെടുത്തു. തുടർന്നു രൂപതാ പ്രസിഡന്റ് ശ്രീ. ഡെന്നി തെങ്ങുംപിള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് ഇടവകയൂണിറ്റുകളുടെ ശാക്തീകരണത്തിനും, വിവിധ ഫോറം ലീഡേഴ്സിനെ തെരഞ്ഞെടുക്കുന്നതിനും തീരുമാനിച്ചു.

**ഇടവക യൂണിറ്റ് ഭാരവാഹികളുടെ മേഖലാ സമ്മേളനം**

1. **20.9.14 ശനി 10 am** മുതൽ മണ്ണാർക്കാട് പെരിമ്പടാരി കല്പന പാരിഷ് ഹാളിൽ **പങ്കെടുക്കേണ്ട യൂണിറ്റുകൾ:** മണ്ണാർക്കാട്, പുലാപ്പറ്റ, തിരുവിഴാംകുന്ന്, അലനല്ലൂർ, ശ്രീകൃഷ്ണപുരം, കുളക്കാട്ടുകുറിശ്ശി, കൈതച്ചിറ, പുല്ലിശ്ശേരി.
2. **20.9.14ശനി 2pm** മുതൽ പൊന്നംകോട് ഫൊറോന പള്ളിഹാളിൽ വച്ച്. **പങ്കെടുക്കേണ്ടയൂണിറ്റുകൾ**: പൂഞ്ചോല, നിരവ്, കരിമ്പ, വിമലഗിരി, കാഞ്ഞിരപ്പുഴ, കാഞ്ഞിരപ്പുഴഡാം, ഇരുമ്പകച്ചോല, ചുള്ളിയാംകുളം, പൊന്നംകോട്, മൈലംപുള്ളി, കല്ലടിക്കോട്, കേരളശ്ശേരി, മുണ്ടൂർ.
3. **27.9.14 ശനി 2pm** മുതൽ വടക്കഞ്ചേരിഫൊറോന പള്ളിയിൽ വച്ച്. **പങ്കെടുക്കേണ്ട യൂണിറ്റുകൾ:** VRT, നീതിപുരം, രാജഗിരി, ആരോഗ്യപുരം, എളവംപാടം, മംഗലംഡാം, പനംകുറ്റി, സ്നേഹഗിരി, വചനഗിരി, വടക്കഞ്ചേരി.

**യൂണിറ്റ് രൂപീകരണം:** 1. കൊടുവായൂർ (7.9.2014),
2. മലമ്പുഴ മരിയനഗർ (14.9.2014)



**ഫാ. ജേക്കബ് മാവുങ്കൽ**
ഡയറക്ടർ

## From the Bishop's Diary

**2014 ജൂലൈ**

30 – കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ ബിഷപ്സ് ഡേ പ്രമാണിച്ച് വി. കുർബാനയർപ്പിച്ചു.

– മലമ്പുഴ കൃപാസദനിൽ ശ്രീ. ജോണി കണ്ണംമ്പിള്ളിയുടെ മൃതദേഹത്തിൽ ഒപ്പീസുപാടി.

– കോട്ടേക്കാട് സ്നേഹജ്വാല അഗതിമന്ദിരം സന്ദർശിച്ച് അന്തേവാസികൾക്ക് മധുരപലഹാരം വിതരണം ചെയ്തു.

– കല്ലേപ്പുള്ളി മൈനർ സെമിനാരി ബിഷപ്സ്ഡേ-യോടനുബന്ധിച്ച് വൈദീകവിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടികളിലും സ്നേഹവിരുന്നിലും സംബന്ധിച്ചു.

**2014 ആഗസ്റ്റ്**

1 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

2 – പാസ്റ്ററൽ സെന്ററിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സെന്ററൽ കൗൺസിലിന്റെ വാർഷികസമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

3 – ധോണി മരിയൻ റിന്യൂവൽ സെന്ററിൽ ടീമംഗങ്ങൾക്ക് സന്ദേശം നൽകി.

4 – വടക്കഞ്ചേരി ദൈവദാൻ സെന്റർ സന്ദർശിച്ച് അന്തേവാസികൾക്ക് മധുരപലഹാരം വിതരണം ചെയ്തു.

– താഴൂർ ഇടവകയിൽ രോഗീസന്ദർശനം നടത്തി.

– പി.ഒ.സി.യിൽ കെ.സി.ബി.സി. സമ്മേളനത്തിൽ സംബന്ധിച്ചു.

4-8 – കെ.സി.ബി.സി. ബിഷപ്സ് റിട്രീറ്റിൽ സംബന്ധിച്ചു.

9 – പാസ്റ്ററൽ സെന്ററിൽ കൈക്കാരന്മാരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

– കഞ്ചിക്കോട് സിസ്റ്റേഴ്സ് ഓഫ് സെന്റ് ഫ്രാൻസീസ് അസ്സീസി സന്ന്യാസിനി സമൂഹത്തിന്റെ മഠം കപ്പേളയിൽ 6 പേരുടെ രജതജൂബിലി ആഘോഷങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

10 – കല്ലടിക്കോട് മേരിമാതാ ദൈവാലയത്തിൽ വി.കുർബാനയർപ്പിച്ചു.





11 – ജിം ഓഫ്സെറ്റ് പ്രസ്സിൽ ആരംഭിച്ച ജിം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഗ്രാഫിക്സ് സ്റ്റഡീസ് ഉദ്ഘാടനം ചെയ്തു.

– ബിഷപ്സ് ഹൗസിൽ രൂപതയുടെ മുഖപത്രം പ്രസിദ്ധീകരിക്കുന്നതിന്റെ ആലോചന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

12 – കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഐ.ടി.സി.യുടെ അധ്യയനവർഷത്തിന്റെ ഉദ്ഘാടനസമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

– കാഞ്ഞിരപ്പുഴ അസംപ്ഷൻ ആശുപത്രിയുടെയും മഠത്തിന്റെയും സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

13 – മുണ്ടൂർ യുവക്ഷേത്രയിൽ യുവക്ഷേത്ര ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

13 – യുവക്ഷേത്രയിൽ പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

13-14 യുവക്ഷേത്രയിൽ ത്രൈമാസ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

14 – യുവക്ഷേത്രയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 'അന്നം 2014'ന്റെ ഉദ്ഘാടന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

15 – പാലക്കാട് സെന്റ് റാഫേൽ സ്കൂളിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ആശീർവദിച്ച് ഉദ്ഘാടനം ചെയ്തു.

– കത്തീഡ്രൽ സ്കൂൾ വിദ്യാർത്ഥികൾക്കും സ്റ്റാഫംഗങ്ങൾക്കും സ്വാതന്ത്ര്യദിന സന്ദേശം നൽകി.

– യുവക്ഷേത്രയിൽ അന്നം പരിപാടിയുടെ ഭാഗമായ നാടൻ ഫലദർശന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– നെന്മാറ ക്രൈസ്റ്റ് ദ കിംഗ് ദൈവാലയത്തിൽ മതബോധനദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

16 – വെള്ളപ്പാറയിൽ സാൻജോ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സ്റ്റഡീസിന്റെ കെട്ടിടം വെഞ്ചിരിച്ചു.

17 – സാൻജോ കോളേജ് ഉദ്ഘാടനം ചെയ്ത് ഫാർമസ്യൂട്ടിക്കൽ സ്റ്റഡീസിന്റെ പ്രഥമ അധ്യയനവർഷത്തിന് തുടക്കം കുറിച്ചു.

– തൃശ്ശൂർ ജൂബിലി, അമല ആശുപത്രികളിൽ രോഗീസന്ദർശനം നടത്തി.

18-31 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സിനഡിൽ സംബന്ധിച്ചു.